IV. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രിക്കുവേണ്ടണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് പരിഗണന

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2010-ലെ കേരള ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണ അതോറിറ്റി ബിൽ.

ശ്രീ. സി. എം. ദിനേശ് മണി : സർ, 2010 -ലെ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ശ്രീ. സി. എം. ദിനേശ് മണി, എം.എൽ.എ. അവതരിപ്പിച്ച കേരള ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണ ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രാധാന്യമുള്ളതുതന്നെയാണ്. എന്നാൽ ബില്ലിൽ ചൂണ്ടിക്കാട്ടുന്നതു പോലെ ഖര മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രത്യേക അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമുണ്ടെന്ന് ഗവൺമെന്റിന് തോന്നുന്നില്ല. കേന്ദ്ര സർക്കാർ 2000-ൽ ഖര മാലിന്യ നിർമ്മാർജ്ജനത്തിനായി മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ് ചട്ടം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ മുനിസിപ്പാലിറ്റീസ് ആക്റ്റും കേരള പഞ്ചായത്തീ രാജ് ആക്ടും ചട്ടങ്ങളും നിലവിലുണ്ട്. ഇതനുസരിച്ച് തന്നെ ഖരമാലിന്യ സംസ്ക്കരണത്തിനുള്ള ചുമതലകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള അംഗീകാരം നൽകുന്ന തിനുള്ള ചുമതല കേന്ദ്ര ചട്ടം അനുസരിച്ച് മലിനീകരണ നിയന്ത്രണ ബോർഡിനാണ്. ഇതിനൊക്കെ പുറമേ സംസ്ഥാനത്തെ മാലിന്യമുക്ത പരിപാടികൾ കാര്യ ക്ഷമമാക്കുന്നതിന് ശുചിത്വ മിഷൻ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തീരാജ്, മുനിസിപ്പൽ ആക്ടുകൾ പ്രകാരം പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് നിരോധിച്ചിട്ടുണ്ട്. സീവേജ് പ്രശ്നം പരിഹരിക്കുന്നതിന് കേരള സ്റ്റേറ്റ് അർബൻ ഡെവലപ്പ്മെന്റ് പ്രോജക്ട്, ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ എന്നിവയുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ട്. നഗര ദ്രവമാലിന്യങ്ങളുടെ സംഭരണം, സംസ്ക്കരണം, നിർമ്മാർജ്ജനം എന്നിവ സംബന്ധിച്ച നടപടികൾ കേരള ജല അതോറിറ്റിയും നിർവ്വഹിക്കുന്നുണ്ട്. ഈ രീതിയിൽ ബഹുമുഖ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുള്ളപ്പോൾ പ്രത്യേകമായിട്ടുള്ള ഒരു അതോറിറ്റി രൂപീകരിക്കുന്നത് അഭികാമ്യമല്ല അതു കൊണ്ട് ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. സി. എം. ദിനേശ് മണി : സർ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഖര-ദ്രവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും അവയുടെ സംസ്ക്കരണം ഉറപ്പാക്കുന്നതിനും വേണ്ടി കേരള ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണ അതോറിറ്റി രൂപീകരിക്കണമെന്ന ഒരു ആവശ്യമാണ് ബില്ലിൽ അടങ്ങിയിട്ടുള്ളത്. പൊതുനിരത്തുകൾ ശുചിയായി സൂക്ഷിക്കുകയും പൊതുജനാരോഗ്യം സംരക്ഷിക്കാൻ ശുചിത്വം പരിപാലിക്കുന്നതിന്റെയും ചുമതല മുനിസിപ്പാലിറ്റികൾ ക്കാണെങ്കിലും അത് പരിപാലിക്കപ്പെടാത്തതിന്റെ ഫലമായുള്ള ഒരു പൊതു താൽപര്യ ഹർജിയുടെ അടിസ്ഥാനത്തിലാണ് 1998-ൽ സുപ്രീം കോടതി മാലിന്യ സംസ്ക്കരണ പ്രശ്നത്തിൽ ഇടപെട്ടത്. ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം കൊടുക്കുകയും ചെയ്ത്. 2000-ൽ സുപ്രീം കോടതി സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ് റൂൾ നോട്ടിഫൈ ചെയ്ത് രണ്ടു കൊല്ലത്തിനുള്ളിൽ നഗരങ്ങളിൽ ശാസ്ത്രീയാടിസ്ഥാനത്തിൽ ഖര മാലിന്യ സംസ്ക്കരണം ഉറപ്പുവരുത്താൻ സമയം അനുവദിക്കുകയും സഹായിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തു. വിദഗ്ദ്ധ സമിതിയംഗമായിരുന്ന ശ്രീ. പി. യു. അസ്നാനി കൊച്ചി നഗരസഭയ്ക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കുക യുണ്ടായി. 2000 മാർച്ചിലാണ് ആ പദ്ധതി തയ്യാറാക്കി സമർപ്പിച്ചത്.

10 കോടി രൂപയുടെ പദ്ധതിയായിരുന്നു. അത് നടപ്പിലാക്കാൻ കൊച്ചിൻ കോർപ്പറേഷനോ കേരള ഗവൺമെന്റിനോ കഴിഞ്ഞില്ല. സുപ്രീം കോടതി സമയപരിധി 2002 വരെ നീട്ടിത്തന്നു. കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളുടേയും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും മാലിന്യ സംസ്ക്കരണ സംവിധാനം എങ്ങനെ നടക്കുന്നു എന്ന് ഞാൻ പ്രത്യേകമായി വിശദീകരിക്കുന്നില്ല. മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച സ്ഥാപനങ്ങൾ തന്നെ സ്വകാര്യ ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അവർ ഫലപ്രദമായി ഈ പ്രശ്നം കൈകാര്യം ചെയ്യുന്നുമില്ല. സുപ്രീം കോടതി നിർദ്ദേശം വിജയിപ്പിക്കാനായില്ല. ഈ പശ്ചാത്തലത്തിൽ വേണം ഇന്നത്തെ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണം സംബന്ധിച്ച പ്രശ്നം പരിഗണനയ്ക്കെടുക്കേണ്ടത്. വിവിധ സംസ്ഥാനങ്ങളിൽ വിവിധ നഗരങ്ങളിൽ വ്യത്യസ്ത രീതികൾ അവലംബിച്ച് മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഒട്ടുമിക്ക സംസ്ഥാനങ്ങളിലും വലിയ പട്ടണങ്ങളായാലും ചെറിയ പട്ടണങ്ങളായാലും പ്രധാനമായും ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിൽ മണ്ണിട്ട് മൂടലാണ് നടക്കുന്നത്. കേരളത്തിന്റെ കാര്യം പരിഗണിയ്ക്കുമ്പോൾ ഭൂപരമായ പ്രത്യേകതയും ജനസാന്ദ്രതയും കണക്കിലെടുത്താൽ മണ്ണിട്ടുമൂടൽ പ്രായോഗികമല്ല. മലിനീകരണ നിയന്ത്രണ ബോർഡിനാണ് ഈ മാലിന്യ സംസ്ക്കരണം ഉറപ്പുവരുത്തുവാനുള്ള ചുമതല. അതിന് അവർക്ക് കഴിയുന്നില്ല എന്നുള്ളതാണ് വസ്തുത. മാലിന്യ വർദ്ധനവുമൂലം കേരളത്തിലെ ജനങ്ങളുടേയും ജീവജാലങ്ങളുടേയും ആവാസ വ്യവസ്ഥ അപകടകരമായ ഒരവസ്ഥയിൽ ചെന്നെത്തിയിരിക്കുകയാണ്. കേരളത്തിന്റെ വായുവും മണ്ണും ജലവും മലിനമായിക്കൊണ്ടിരിക്കുന്നു. വായുമലിനീകരണം ശ്വാസകോശ സംബന്ധമായ മറ്റ് രോഗങ്ങൾ വ്യാപിക്കാൻ ഇടവന്നിരിക്കുന്നു. മണ്ണിന്റെ മലിനികരണം മണ്ണിരകളില്ലാത്ത മണ്ണാക്കി മാറ്റിയിരിക്കുന്നു. കേരളത്തിന്റെ കൃഷിയെ ഇത് പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ജലമലിനീകരണം പ്രത്യക്ഷമായിതന്നെ ജനങ്ങൾക്ക് അനുഭവവേദ്യമായി കഴിഞ്ഞു. ഇക്കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സഭയിൽ തന്നെ പറഞ്ഞ ഒരു കാര്യം കേരളത്തിലെ 80 ശതമാനം കിണറുകളിലേയും കുളങ്ങളിലേയും ജലം കോളിഫോം ബാക്ടീരിയ കലർന്നതാണെന്നാണ്. കേരളത്തിലെ ജനങ്ങളുടേയും ജീവജാലങ്ങളുടേയും ആവാസവ്യവസ്ഥയെ തകിടം മറിക്കുന്ന ഈ അവസ്ഥയ്ക്ക് അടിയന്തിര പരിഹാരം കാണേണ്ടതാണ് ഇന്നത്തെ ആവശ്യം. ഈ അവസ്ഥ ജനങ്ങളുടെ ജീവസന്ധാരണ മാർഗ്ഗങ്ങൾ കെട്ടിയടയ്ക്കപ്പെടുന്നു. കുടിവെള്ള ലഭ്യതയില്ലാതാക്കുന്നു. കൃഷി സാധ്യത ഇല്ലാതാക്കുന്നു. ഭക്ഷ്യസാധന ലഭ്യത കുറയ്ക്കുന്നു. കായൽ നദീജല മലിനീകരണം മത്സ്യത്തൊഴിലാളി വരുമാനം കുറയ്ക്കുന്നു. മത്സ്യ ലഭ്യത കുറയ്ക്കുന്നു. മലിനജല മത്സ്യം ഭക്ഷിക്കുന്നതുമൂലം രോഗം ബാധിക്കുന്നു. മനുഷ്യന്റെ ആരോഗ്യത്തേയും വരുമാനത്തേയും ഭക്ഷ്യ ലഭ്യതയേയും മനുഷ്യനുൾപ്പെടെയുള്ള മറ്റ് ജീവികളുടെ ആവാസ വ്യവസ്ഥയേയും പ്രതികൂലമായി ബാധിക്കുന്ന ഈ അവസ്ഥയ്ക്കു കാരണം കേരളത്തിലെ ഖര മാലിന്യ വർദ്ധനവും ജലമലിനീകരണവുമാണ്. കേരളീയർ പ്രത്യേകിച്ചും മലയാളികൾ അവരുടെ വ്യക്തി ശുചിത്വം കൊണ്ടും പരിസരശുചിത്വംകൊണ്ടും ലോകത്തിനുതന്നെ മതിപ്പുളവാക്കിയിട്ടുള്ളവരാണ്. പക്ഷേ, ഇത് നമുക്ക് നഷ്ടമായിരിക്കുന്നു. 2009-ൽ എൽ. ഡി. എഫ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് അതിന്റെ കേരള സംസ്ഥാന പരിസ്ഥിതി നയം പ്രഖ്യാപിച്ചിട്ടുണ്ട് അതിൽ 'ഖരമാലിന്യമെന്ന വിപത്ത്' എന്ന ശീർഷകത്തിൽ പറയുന്നത് 'ഖരമാലിന്യങ്ങൾ സംസ്ഥാനത്തെമ്പാടും തീരാവിപത്തായി മാറിയിരിക്കുന്നു.' എന്നാണ്. ഇത് 2009-ലെ പരിസ്ഥിതി നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതിനെ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ പല തലങ്ങളിൽ നടക്കുന്നുണ്ടെങ്കിലും മിക്ക പഞ്ചായത്തുകളും നഗരസഭകളും തങ്ങളുടെ പ്രദേശത്തെ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും പുറംതള്ളുന്ന ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനാകാതെ കുഴങ്ങുകയാണ്. പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ പ്രത്യേകിച്ചും ബാഗുകൾ, കപ്പുകൾ, പ്ലേറ്റുകൾ മുതലായവ ഉപയോഗിച്ചശേഷം പൊതുസ്ഥലത്ത് തള്ളുന്നത് ചിക്കുൻഗുനിയ, ഡെങ്കിപ്പനി തുടങ്ങിയ മാരകമായ ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിയൊരുക്കിയിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: സർ, അങ്ങ് ഇവിടെ ഖരമാലിന്യ സംസ്ക്കരണത്തെ സംബന്ധിച്ചാണ് ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഖരമാലിന്യ സംസ്ക്കരണത്തിൽ ഒരു വികേന്ദ്രീകരണം അത്യന്താപേക്ഷിതമാണ്. ഇതെല്ലാം കേന്ദ്രീകൃതമായി കേരളത്തെപ്പോലുള്ള ചില പ്രത്യേക സ്ഥലങ്ങളിൽ നിക്ഷേപിച്ച് സംസ്ക്കരിക്കുന്നതായാൽ അവിടത്തെ ജനങ്ങൾക്കെല്ലാം വളരെയേറെ ബുദ്ധിമുട്ട് മറ്റുള്ളവരുടെ ചെലവിൽ അനുഭവിക്കേണ്ടിവരികയാണ്. അതൊരിക്കലും ജനങ്ങൾ അംഗീകരിക്കില്ല. ഇപ്പോൾ കേരളത്തിൽ ആശുപത്രി മാലിന്യങ്ങൾ സംസ്ക്കരിക്കുന്ന ഒരു സ്ഥലമേയുള്ളൂ. അതാണ് മലമ്പുഴ. മലമ്പുഴയിൽ കൊണ്ടുവന്ന് കേരള സംസ്ഥാനത്തിലെ എല്ലാ ആശുപത്രി മാലിന്യങ്ങളും - ബയോമെഡിക്കൽ വേസ്റ്റ് - സംസ്ക്കരിക്കാനുള്ള ഒരു സംവിധാനമാണ് ഉണ്ടാക്കിവച്ചിട്ടുള്ളത്. അതുതന്നെ ഒരു സ്ഥലത്താണ് കേന്ദ്രീകരിക്കുന്നത്. അതിന്റെ ഭാഗമായി മലമ്പുഴ ഡാമിലെ കുടിവെള്ളത്തിൽപ്പോലും മാലിന്യങ്ങൾ കലരുന്ന ഒരു സ്ഥിതി വിശേഷം വന്നു. അതിന്റെ തൊട്ടടുത്ത സസ്യങ്ങളിലെ ഇലകളൊക്കെ ഉണങ്ങി കരിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഖരമാലിന്യങ്ങൾ വികേന്ദ്രീകൃതമായി അതത് പ്രദേശത്തുതന്നെ സംസ്ക്കരിക്കാനുള്ള സംവിധാനമുണ്ടാക്കുന്നതല്ലേ കൂടുതൽ നല്ലത്? അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. എം. കെ. പ്രേംനാഥ്: സർ, താങ്കളുടെ ഈ ബില്ല് വളരെ പ്രധാനപ്പെട്ടതാണ്. ഇന്ന് മാലിന്യനിർമ്മാർജ്ജനം വളരെ പ്രധാനപ്പെട്ട സംഭവമാണെന്ന് എല്ലാവർക്കുമറിയാം. പഞ്ചായത്തീരാജ് നിയമം, യഥാർത്ഥത്തിൽ ഇത് സംബന്ധിച്ച് പൂർണ്ണമല്ല. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രൻ സൂചിപ്പിച്ചതുപോലെ, ശാസ്ത്രീയമായി മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് രണ്ടോ മൂന്നോ പഞ്ചായത്തുകൾ അതുപോലെ തന്നെ മുനിസിപ്പാലിറ്റികൾ ഒക്കെ ചേർന്നുകൊണ്ട് ആ രീതിയിലുള്ള വികേന്ദ്രീകരണം തീർച്ചയായും ആവശ്യമാണ്.

ശ്രീ. സി. എം. ദിനേശ് മണി: സർ, മാലിന്യ സംസ്ക്കരണത്തിൽ പ്രാഥമികമായ ഒരു പരിഗണന കൊടുക്കേണ്ടത് വികേന്ദ്രീകരിച്ച് സംസ്ക്കരിക്കുക എന്നുള്ളതിന് തന്നെയാണ്. അതിൽ വെർമിഫോം കമ്പോസ്റ്റിംഗുണ്ട്, എയ്റോബി കമ്പോസ്റ്റിംഗുണ്ട്, മെക്കാനിക്കൽ കമ്പോസ്റ്റിംഗുണ്ട്. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഒട്ടേറെ മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് വികേന്ദ്രീകരിച്ചു സംസ്ക്കരിക്കണമെന്നുള്ളത് തന്നെയാണ് സുപ്രീംകോടതിയുടെ നിർദ്ദേശത്തിലും അടങ്ങിയിട്ടുള്ളത്. അങ്ങനെ വികേന്ദ്രീകരിച്ച് സംസ്ക്കരിക്കുന്നതിന്റെ ഫലമായി ബയോവേസ്റ്റ്, ബയോമെഡിക്കൽ വേസ്റ്റ്, ജലാംശം കൂടിയ മാലിന്യം അതു പോലെയുള്ള മാലിന്യങ്ങൾ വേർതിരിച്ച് സംസ്ക്കരിക്കുന്നതിന്റെ ഫലമായി ഒട്ടേറെ ആശ്വാസം നമുക്ക് ലഭിക്കും. അതുകൊണ്ട് അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. വികേന്ദ്രീകരിച്ച് സംസ്ക്കരിക്കുന്നത് തന്നെയാണ് ശരിയായ മാർഗ്ഗമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, കൊച്ചി കോർപ്പറേഷന്റെ മേയറായിരുന്ന ബഹുമാന്യനായ ശ്രീ. ദിനേശ് മണിക്ക് മാലിന്യപ്രശ്നങ്ങൾ വളരെ കൃത്യമായി അറിയാവുന്ന ആളാണ്. പി. എം. ബി. ആർ. കമ്മിറ്റി ഇത് സംബന്ധിച്ച് ഒരു പഠനം നടത്തി. മുംബൈ മുനിസിപ്പൽ കോർപ്പറേഷനിൽ, പ്രതിദിനം ആറായിരം ടൺ ഖരമാലിന്യം കൈകാര്യം ചെയ്യുകയാണ്. അവർക്ക് ലാൻഡ് ഫില്ലിംഗിനുള്ള സൗകര്യമുണ്ട്. കൊച്ചിയിൽ 200 ടൺ മാത്രമേയുള്ളൂ. 35 ലക്ഷം ജനസംഖ്യയുള്ള സൂറ്റിൽ ഏഴ് സോണുകളായി തിരിച്ച്, മെഡിക്കൽ ഗ്രാഡുവേറ്റ്സിനെ ചുമതല ഏല്പിച്ച്, വളരെ ഗംഭീരമായി 2100 ആശുപത്രികൾ, ക്ലിനിക്കുകൾ തുടങ്ങിയവയിലെ ബയോമെഡിക്കൽ വേസ്റ്റ് 75 സെന്റ് സ്ഥലത്തുള്ള ഒരു പ്ലാന്റിലാണ് സംസ്ക്കരിക്കുന്നത്. ഇവിടെ ബഹുമാന്യനായ ശ്രീ. ദിനേശ് മണി അവതരിപ്പിച്ച സ്വകാര്യ ബില്ലിൽ ഖര-ദ്രവ മാലിന്യങ്ങളെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. സ്വീവേജ് സിസ്റ്റം കേരളത്തിൽ, കൊച്ചിയിൽ 5 ശതമാനം, തിരുവനന്തപുരത്ത് 25 ശതമാനമാണുള്ളത്. കോഴിക്കോട് ഇല്ല. ഇവ രണ്ടും കൂടാതെ ബയോമെഡിക്കൽ വേസ്റ്റിന്റെ പ്രശ്നമുണ്ട്. 2020-ാം മാണ്ടിൽ ഇലക്ട്രോണിക് വേസ്റ്റിന്റെ വിഷയവും കൂടി ആകുമ്പോൾ ഇപ്പോഴുള്ളതിന്റെ 500 ഇരട്ടിയാകുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. അതും വളരെ ഗൗരവമായിത്തന്നെ കൈകാര്യം ചെയ്യപ്പേടേണ്ടതാണെന്നുള്ള അഭിപ്രായമുണ്ട്. അതോടൊപ്പം തന്നെ നമ്മുടെ സാമൂഹിക അന്തരീക്ഷത്തിൽ പൊളിറ്റിക്കൽ, കമ്മ്യൂണൽ, കൾച്ചറൽ തുടങ്ങിയ മാലിന്യങ്ങളുടെ വകഭേദങ്ങൾ ഇനിയും വളരെയേറെ വർദ്ധിപ്പിക്കാവുന്നതാണെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വർക്കല കഹാർ : സർ, മാലിന്യങ്ങൾ കാരണമുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. കേരളത്തിനുള്ള പ്രത്യേകത മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, നമുക്ക് സ്വന്തമായുള്ളത് വിനോദസഞ്ചാര പ്രാധാന്യമാണ്. വിനോദസഞ്ചാരികൾ മറ്റെങ്ങും പോകാതെ ഇങ്ങോട്ടുതന്നെ വരാനുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് ഇവിടത്തെ പരിസര ശുചീകരണമാണ്. രണ്ടാമതായി അവരെ ഇവിടേയ്ക്ക് ആകർഷിക്കുന്നത് ഇവിടത്തെ തോടുകളും നദികളും പുഴകളുമൊക്കെയാണ്. ഇവിടത്തെ പരിസര ശുചീകരണമാകെ നഷ്ടപ്പെടുകയാണ്. നാട് മുഴുവൻ ഇപ്പോൾ ആശുപത്രികളുണ്ടായിക്കൊണ്ടിരിക്കുന്നു. ഈ ആശുപത്രികളിൽ നിന്ന് പുറത്തുവരുന്ന വേസ്റ്റുകൾ സംസ്ക്കരിക്കാതെ ഓടകളിലും തോടുകളിലുമൊക്കെ തുറന്നു വിടുന്നു. ചാലക്കുടി പുഴയും പാർവ്വതീപുത്തനാറും മറ്റ് പുഴകളുമൊക്കെ

മലിനമാകുന്നതിന്റെ ഒരു പ്രധാനപ്പെട്ട കാര്യം ഇതാണ്. നമ്മുടെ പുഴകളെക്കുറിച്ച് കവി പാടിയത് -

'ഒരുനാളും വരളാതൊരു പുഴകളിലൊഴുകും തെളിനീർ'

എന്നാണ്. ഇപ്പോൾ പുഴകളില്ല. ആ പുഴകളും മലീമസമായിക്കൊണ്ടിരിക്കുന്നു. ഒരു പഞ്ചായത്തിനെക്കൊണ്ട് ഇതൊന്നും കൈകാര്യം ചെയ്യാൻ അത്ര എളുപ്പമുള്ള കാര്യമല്ല. രണ്ടുംമൂന്നും പഞ്ചായത്തുകൾ ചേർന്നുകൊണ്ട് എന്തെങ്കിലും ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ കഴിയും. ബോധമില്ലാത്തവരല്ല, ബോധമുള്ളവരാണ് ഇതൊക്കെ ചെയ്യുന്നത്, പല ആളുകളും ചെയ്യുന്നത് റോഡിൽ ഈ വേസ്റ്റുകൾ കെട്ടുകെട്ടായി പ്രഭാതമാകുന്ന സമയത്തുതന്നെ കൊണ്ടു തള്ളിയിട്ട് പോകുകയാണ്. ഉദ്യോഗസ്ഥന്മാരും പ്രമാണിമാരുമായ ആളുകൾ വരെ ഇങ്ങനെ ചെയ്യുന്നുണ്ട്. റോഡുകളിലെല്ലാം നമുക്ക് കാണാൻ കഴിയും, കോഴികളുടെ പപ്പും പൂടയും അവശിഷ്ടവും കഴിച്ചതിന്റെ ബാക്കിയുമൊക്കെ കൊണ്ട് തള്ളിയിട്ടുപോകുന്നത് പ്രമാണിമാരാണ്. ഇതെല്ലാം നോക്കിനിൽക്കാൻ മാത്രമേ കഴിയൂ. ഇവിടെ ഇതിന് ബോധവൽക്കരണവും ഇതിനുവേണ്ടിയുള്ള ചില നടപടികളുമുണ്ടാകണമെന്ന് അങ്ങ് ഉദ്ദേശിക്കുന്നില്ലേ ?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. രാജു : സർ, മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് യഥാർത്ഥത്തിൽ, മാലിന്യം ഉത്ഭവിക്കുന്ന കേന്ദ്രത്തിൽത്തന്നെ അത് സംസ്ക്കരിക്കുന്നതിനാവശ്യമായിട്ടുള്ള സംവിധാനവും കൂടി ഒരുക്കുകയായിരിക്കും നല്ലത്. ഇപ്പോൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ മുൻകൈയെടുത്ത്, വീടുകളിലുണ്ടാകുന്ന മാലിന്യങ്ങൾ വീടിന്റെ പരിസരത്തുതന്നെ സംസ്ക്കരിക്കുന്നതിനാവശ്യമായിട്ടുള്ള ഒരു ബോധവൽക്കരണം നടത്തിക്കൊണ്ട് അത് ചെയ്യുന്നുണ്ട്. അതുപോലെ തന്നെ ആശുപത്രിയായാലും ഏത് സ്ഥാപനമായാലും ആ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവിടെയുണ്ടാകുന്ന മാലിന്യങ്ങൾ അവിടെത്തന്നെ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കാതെ മറ്റേതെങ്കിലും ഒരു സ്ഥലത്തു കൊണ്ടുപോയി ഈ മാലിന്യങ്ങളെല്ലാം സംസ്ക്കരിക്കാം എന്നുള്ള രീതിയിൽ ആലോചിക്കുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഈ ബില്ലുമായി ബന്ധപ്പെടുത്തിക്കൊണ്ട് മാലിന്യ സംസ്ക്കരണം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടാകണം.

ശ്രീ. സി. എം. ദിനേശ് മണി : സർ, മാലിന്യ സംസ്ക്കരണം സംബന്ധിച്ച് മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ തന്നെയാണ് അതിന്റെ ഉടമസ്ഥർ എന്നാണ് സുപ്രീം കോടതി പറഞ്ഞിട്ടുള്ളത്. ഉൽപ്പാദകരായ ആ ഉടമസ്ഥരിൽനിന്നും മതിയായ ഫീസ് ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ്. പക്ഷേ അവർ അങ്ങനെ ചെയ്യുന്നില്ല. അതാണ് പ്രശ്നം. അതായത് 2000-ത്തിലെ സുപ്രീം കോടതിയുടെ വിധിയെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ 10 വർഷമായി നമ്മൾ ഇത് പരീക്ഷിക്കുന്നു. 10 വർഷമായിട്ടുള്ള ഈ പരീക്ഷണം യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പരാജയമാണെന്ന് ഗവൺമെന്റ് അതിന്റെ നിലപാടിൽ തന്നെ ഇപ്പോൾ സമ്മതിച്ചു കഴിഞ്ഞിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. വർക്കല കഹാർ പറഞ്ഞത്, ആളുകൾ മാലിന്യങ്ങൾ പൊതുമരാമത്ത് റോഡിലേക്കും മെയിൻ റോഡിലേക്കും വലിച്ചെറിയുകയാണ് എന്നാണ്.

ശ്രീ. സി. എം. ദിനേശ് മണി : സർ, അതേ. ഇത് നമ്മുടെ വളർന്നുവരുന്ന സംസ്ക്കാരത്തിന്റെ ഒരു അപചയത്തിന്റെ ഭാഗമായിട്ടുള്ളതാണ്. അതായത് 'തന്റെ മാലിന്യം അന്യരുടെ സ്ഥലത്ത് ആയിക്കോ' എന്ന നിലയ്ക്ക് അങ്ങനെ വലിച്ചെറിയുന്ന ഒരു സമ്പ്രദായം തുടർന്നുവരുന്നുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചത്, വീടുകളെ മാത്രം ബാധിക്കുന്ന ഒരു വിഷയമല്ല. അതിനപ്പുറം കേരളത്തിലെ റോഡുകളിൽ ഇന്ന് ഏറ്റവും കൂടുതൽ പ്രശ്നങ്ങളുണ്ടാക്കുന്നത് ഇവിടത്തെ ഇറച്ചിക്കടക്കാരുടെ ഉൽപ്പന്നങ്ങളാണ്. അത് കോഴിയായാലും മറ്റ് എന്തായാലും. പലപ്പോഴും ഇതെല്ലാം റോഡിലും പൊതുസ്ഥലങ്ങളിലുമാണ് അവർ ഉപേക്ഷിക്കുന്നത്. അറവുശാലകൾക്കോ അല്ലെങ്കിൽ കോഴിയിറച്ചി വിൽക്കുന്ന കടകൾക്കോ ഇത്തരം മാലിന്യങ്ങൾ എവിടെയാണ് നിക്ഷേപിക്കുന്നത് എന്നതിനെ സംബന്ധിച്ച് വ്യക്തമായ ഒരു പരിശോധനയുമില്ല. ഓരോ പഞ്ചായത്തിലും ഈ കാര്യം നിർബന്ധമാക്കി അതിന് സൗകര്യമില്ലാത്തവർക്ക് ഒരു കാരണവശാലും ലൈസൻസ് കൊടുക്കില്ലെന്നുള്ള ഒരു നിലപാടിലേയ്ക്ക് എത്താത്തിടത്തോളം കാലം എങ്ങനെയാണ് കേരളത്തെ രക്ഷിച്ചെടുക്കാനാകുക ? ഇത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ ?

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, മനുഷ്യമലത്തിൽ നിന്നാണ് കാളിഫോം ബാക്ടീരിയയുടെ ഉത്ഭവമെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ ഇപ്പോഴത്തെ ബിൽഡിംഗ് ചട്ടമനുസരിച്ച് ഞാൻ ഒരു മൂന്ന് സെന്റിൽ വീട് പണിയുന്നുണ്ടെങ്കിൽ പ്ലാൻ സമർപ്പിക്കണം ; കിണർ, കക്കൂസ് എന്നിവ എവിടെ എന്ന് കാണിക്കണം. പക്ഷേ തൊട്ടടുത്തുള്ള മൂന്ന് സെന്റുകാരനും ഇത് കാണിക്കണം. അവൻ അവന്റെ പറമ്പിനകത്ത് എവിടെ സ്ഥാപിക്കുന്നു എന്നത് മാത്രമാണ് വിഷയം. എന്റെ അയൽവീട്ടുകാരന്റെ കക്കൂസും എന്റെ കിണറും തമ്മിൽ എത്ര അകലം പാലിക്കണമെന്ന് ചട്ടത്തിൽ ഇല്ല. ഇപ്പോൾ മൂന്ന് സെന്റ് കോളനിയിൽ എല്ലാവർക്കും കക്കൂസ് കൊടുക്കുന്നുണ്ട്. ഒരു കിണറാണ് അവിടെയുള്ളത്. പക്ഷേ ഈ കക്കൂസുകൾക്കെല്ലാം നടുവിലാണ് ഈ കിണറ് വരുന്നത്. അപ്പോൾ ഇതിന് ഒരു ശാസ്ത്രീയമായ സംവിധാനം, വേണം. ഉദാഹരണത്തിന് നാല് സെന്റ് കോളനി, മൂന്ന് സെന്റ് കോളനി, എന്നിവിടങ്ങളിൽ ഒരു പൊതുവായ കിണർ എന്നപോലെതന്നെ കക്കൂസുകൾക്ക് ഒരു ടാങ്ക് എന്ന സിസ്റ്റം ഉണ്ടാകണം. രണ്ടാമത്തേത്, കോഴിയുടെ വേസ്റ്റാണ് കേരളത്തിലെ പ്രധാനപ്പെട്ട വിഷയമായി വരുന്നത്. എന്റെ മണ്ഡലത്തിൽ വന്നാൽ ആർക്ക് വേണമെങ്കിലും ഞാൻ കാണിച്ചുതരാം, രണ്ട് സ്ഥലത്ത്, വളരെ ശാസ്ത്രീയമായി അറവുകാരൻ തന്നെ അത് സംസ്ക്കരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അയാളുടെ വീട്ടിൽ പോയി. അറവുകാരൻ തന്നെ അറുത്ത് വിൽക്കുമ്പോൾ ഉണ്ടാകുന്ന മുഴുവൻ വേസ്റ്റും ഇയാൾ വീട്ടിലേയ്ക്ക് കൊണ്ടുവരും. ഈ വേസ്റ്റുകൾ ഉപയോഗിച്ച് നല്ല രൂപത്തിൽ ബയോഗ്യാസുണ്ടാക്കി വീട്ടാവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുകയാണ്. നല്ല രൂപത്തിൽ വളമായിട്ടും അത് ഉപയോഗിക്കുകയാണ്. രണ്ട് സ്ഥലത്ത് ഞാൻ അത് കണ്ടതാണ്. അയാൾ എന്നെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി കാണിച്ചതാണ്. കോഴിയെ അറുത്ത് വിൽക്കുന്നവന് നിർബന്ധമായും ഒരു നിയമം പെട്ടെന്ന് ഉണ്ടാക്കാൻ കഴിയുന്നതാണ്, നമുക്ക് പെട്ടെന്ന് നടപ്പാക്കാനും കഴിയുന്നതാണ്. ഒരു ബയോഗ്യാസ് പ്ലാന്റ് ഇറച്ചിവെട്ടുകാരന്റെ വീട്ടിൽ സ്ഥാപിക്കണം. അതിനാവശ്യമായ സാമ്പത്തിക സഹായം കൊടുത്താലും തരക്കേടില്ല. ഇങ്ങനെ വരുമ്പോൾ കോഴി വേസ്റ്റിന്റെ വിഷയം മാറികിട്ടും. ഇനി ഒരു വിഷയം കൂടിയുണ്ട്. ഇപ്പോൾ വലിയ കല്യാണങ്ങളൊക്കെ നടക്കുമ്പോൾ ആയിരം രണ്ടായിരം അയ്യായിരം ആളുകളെയാണ് ക്ഷണിക്കുന്നത്. ഒരു ആഴ്ചയൊക്കെ നീണ്ടു നിൽക്കുന്ന ഭക്ഷണമാണ് ഇത്തരം സ്ഥലത്തൊക്കെ കൊടുക്കുന്നത്. ഇതിലൊക്കെ മത്സ്യ മാംസാദികൾ മുഴുവൻ വരുന്നുണ്ട്. കല്യാണത്തിന് ആയിരക്കണക്കിന് ആളുകളെ ക്ഷണിക്കുമ്പോൾ അതാത് പഞ്ചായത്തിൽ നിന്നും അനുവാദം വാങ്ങി അവിടെയുണ്ടാകുന്ന വേസ്റ്റ് എവിടെ നിക്ഷേപിക്കുമെന്ന് ഉറപ്പുണ്ടാകണം. ഇത് മുഴുവൻ ഇന്ന് റോഡ് സൈഡിൽ കൊണ്ടുപോയി ഇടുകയാണ്. കല്യാണം നടക്കുന്ന സ്ഥലത്തുള്ള വേസ്റ്റുകൾ വന്നുചേരുന്നത് റോഡ് സൈഡിലേക്കുമാണ്. ഇതാണ് എന്റെ നാട്ടിലെ അവസ്ഥ. സമ്പന്നന്മാരുടെ കല്യാണത്തിനാണ് ഇപ്രകാരമുള്ള വേസ്റ്റുകൾ ധാരാളമുണ്ടാകുന്നത്. പാവപ്പെട്ടവർക്ക് കോഴിയെ കൊല്ലേണ്ട ആവശ്യമൊന്നുമില്ല. അതുകൊണ്ട് ഇത്രയധികം വേസ്റ്റും വരില്ല. ഈ മൂന്ന് കാര്യങ്ങളാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ശ്രീ. സി. എം. ദിനേശ് മണി : സർ, ബഹുമാന്യരായിട്ടുള്ള അംഗങ്ങൾ ചൂണ്ടിക്കാണിച്ചതെല്ലാം ഗൗരവമായ പ്രശ്നങ്ങളാണ് ; യഥാർത്ഥത്തിൽ ഞാൻ എന്റെ ബില്ലിൽ അതെല്ലാം ഉൾക്കൊള്ളിക്കുന്നുണ്ട്. ഗവൺമെന്റിന്റെ ഔദ്യോഗികമായ നിലപാടിൽ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിന്റെ ചുമതല വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് അംഗീകരിക്കുകയും അവർ അതിൽ കുഴങ്ങുകയാണ് എന്ന് എഴുതിവയ്ക്കുകയും ചെയ്തിട്ടുണ്ട്, അതാണ് പ്രശ്നം. നഗരവൽക്കരണത്തിന്റെ അതിവേഗമുള്ള വളർച്ചയുടെ പ്രത്യാഘാതങ്ങൾ നഗരങ്ങളിൽ ആരോഗ്യകരമായ മനുഷ്യവാസം അസാധ്യമാക്കുന്ന തരത്തിലേയ്ക്ക് എത്തിയിരിക്കുന്നു എന്നുള്ളത് ഗവൺമെന്റിന്റെ തന്നെ വിലയിരുത്തലാണ്. 2000-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ പരിസ്ഥിതി നയത്തിലും 2009-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പരിസ്ഥിതി നയത്തിലും ഇത് രണ്ടും ആവർത്തിക്കുന്നുണ്ട്. അതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ഖരമാലിന്യ സംസ്ക്കരണത്തിന്റെ ചുമതലയും സ്വീവേജ് സംബന്ധിച്ചുള്ള ചുമതല വാട്ടർ അതോറിറ്റിക്കും ആണെങ്കിൽ രണ്ട് ഏജൻസികളും ഇതിൽ പരാജയപ്പെട്ടിരിക്കുകയാണ്. അതാണെന്റെ അഭിപ്രായം. അതുകൊണ്ടാണ് ഞാൻ ഈ ബില്ലുമായി സഭയിൽ വന്നത്. നഗരവൽക്കരണത്തിന്റെ അതിവേഗമുള്ള വളർച്ചയുടെ പ്രത്യാഘാതങ്ങൾ നഗരങ്ങളിൽ ആരോഗ്യകരമായ

LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യവാസം അസാധ്യമാക്കുന്ന തരത്തിലേക്ക് എത്തിയിരിക്കുന്നു എന്ന് പറഞ്ഞാൽ അത് ഗൗരവമായി എടുക്കേണ്ട വിഷയമല്ലേ? ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു എന്ന് ഗവൺമെന്റ് വിലയിരുത്തുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ പ്രശ്നം ഉന്നയിക്കുന്നത്. നഗരമാലിന്യ നിർമ്മാർജ്ജനം പ്രത്യേകിച്ചും അതിദുഷ്ക്കരമായി തീർന്നിരിക്കുന്ന സാഹചര്യത്തിൽ, ഇക്കാര്യത്തിൽ നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള അന്തരം കേരളത്തെ സംബന്ധിച്ച് കുറഞ്ഞ് വരികയാണ്. നഗരങ്ങളിൽ മാലിന്യമുണ്ടാകുന്നതു പോലെ തന്നെയാണ് ഏറെക്കുറെ ഗ്രാമങ്ങളിലും മാലിന്യങ്ങൾ ഉണ്ടാകുന്നത്. യഥാർത്ഥത്തിൽ എത്രലക്ഷം കോഴികളാണ് കേരളീയർ പ്രതിദിനം ഭക്ഷിച്ചു കൊണ്ടിരിക്കുന്നത്. പണ്ടൊക്കെ ഞായറാഴ്ച ദിവസങ്ങളിൽ മാത്രമായിരുന്നു മാംസം കഴിക്കുന്നത്. ഇന്ന് മാംസം എന്ന് പറയുന്നത് ഒരു സ്ഥിരം ഭക്ഷണമാണ്. അത് ബീഫായാലും, മട്ടനായാലും, ചിക്കനായാലും ഏത് മാംസമാണെങ്കിലും.....

ശ്രീ. ജി. കാർത്തികേയൻ: സർ, ഇന്ത്യയിൽ ഏറ്റവും അധികം മദ്യപന്മാരുള്ള സ്ഥലമെന്ന് പറയുന്നത് കേരളമാണ്. വർദ്ധിച്ചുവരുന്ന മദ്യപാനവും വർദ്ധിച്ചു വരുന്ന കോഴി ഉപഭോഗവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെന്ന് അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ? അതായത് മാംസാഹാരവും മദ്യപാനവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? കാരണം ഇത് കോംപിനേഷനായിട്ടാണ് പലപ്പോഴും കാണുന്നത്. ഒരു വഴിയിൽ കൂടി കോഴികളും മറ്റൊരു വഴിയിൽ കൂടി കുപ്പികളും പോകുന്നത് പരസ്യമായിട്ട് കാണാറുണ്ട്, രണ്ടും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഖരമാലിന്യ പ്രശ്നങ്ങൾ അങ്ങയുടെ വാക്കുകളുടെ അടിസ്ഥാനത്തിൽ കുറയുന്നത്, കോഴിയുടെ ഉപഭോഗം ഒന്ന് കുറഞ്ഞാൽ കുറച്ച് മാറുമെന്ന് തോന്നുന്നു, അതിന്റെ കൂടെ മദ്യം കൂടിയായാൽ രണ്ട് വിധത്തിലുള്ള ഗുണങ്ങളുണ്ടാകും. അതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. സി. എം. ദിനേശ് മണി: യഥാർത്ഥത്തിൽ രണ്ടും പരസ്പര പൂരകങ്ങളാണെന്നുള്ളതാണ് അവസ്ഥ.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഇതിന് വേണ്ടി പ്രത്യേകമൊരു അതോറിറ്റി സ്ഥാപിക്കണം എന്ന ആവശ്യമാണ് ഉന്നയിച്ച് വരുന്നത്. യഥാർത്ഥത്തിൽ നേരത്തെ നമ്മൾ അംഗീകരിച്ച പഞ്ചായത്തിരാജ് ആക്ടിനകത്ത്, ഇത് പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ ഒരു സ്റ്റാറ്റ്യൂട്ടറി ചുമതലയാണ്. ആ നിലയ്ക്ക് ഒരു സ്വതന്ത്രമായിട്ടുള്ള അതോറിറ്റി സ്ഥാപിക്കുന്നത് പഞ്ചായത്തിരാജ് ആക്ടിൽ നിന്ന് ആ ചുമതല എടുത്ത് മാറ്റി ഗവൺമെന്റിലുള്ള ചുമതലയാക്കണം എന്നുള്ള അഭിപ്രായത്തിലാണോ ബഹുമാനപ്പെട്ട അംഗം നിൽക്കുന്നത്?

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതിൽ ഒരു പിശകുണ്ട്, അങ്ങ് അംഗീകരിച്ചതുകൊണ്ടാണ് ഞാൻ പറയുന്നത്. കേരളത്തിലാണ് ഇന്ന് ഏറ്റവും കൂടുതൽ മദ്യപാനികൾ ഉള്ളത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ഒരു റെക്കോർഡ് ഉണ്ട്. കാരണം കേരളത്തിൽ വിൽക്കുന്ന മദ്യത്തിന് കൃത്യമായ കണക്കുണ്ട്. ഉദാഹരണത്തിന് കാസർഗോഡ് കഴിഞ്ഞ് മംഗലാപുരത്തേയ്ക്ക് പോകുമ്പോൾ 60-ഓളം ബാറുകൾ ഞാൻ കണ്ടിട്ടുണ്ട്. അതിന് ബില്ലില്ല, കണക്കില്ല പക്ഷേ കേരളത്തിലെ മുഴുവൻ മദ്യത്തിനും കണക്കുള്ളതുകൊണ്ടാണ് ഏറ്റവും കൂടുതൽ മദ്യപാനികൾ ഇവിടെയാണെന്ന് പറയുന്നത്. മാഹിയിൽ എത്രയാണ് വിൽക്കുന്നത്; അത് കേരളത്തിലാണോ? അതാണ് അവസ്ഥ. കേരളത്തിലല്ല മദ്യപാനികൾ കൂടുതലുള്ളത്. കേരളത്തിൽ മദ്യപാന ആസക്തിയുണ്ട്, അത് സത്യമാണ്. പക്ഷേ ഏറ്റവും കൂടുതൽ മദ്യപാനികൾ കേരളത്തിലാണെന്ന് പറഞ്ഞത് തെറ്റാണ്. അത് അംഗീകരിച്ച് തരില്ല, അത് ശരിയല്ല ഈ വസ്തുത മനസ്സിലാക്കാൻ തയ്യാറാകണം.

ശ്രീ. ജി. കാർത്തികേയൻ: സർ, അങ്ങനെയൊരു പട്ടം കേരളത്തിന് വേണമെന്ന് എനിക്കൊരു നിർബന്ധവുമില്ല. പക്ഷേ ഞാൻ കണ്ടിട്ടുള്ള റിപ്പോർട്ടുകളും നിരീക്ഷണങ്ങളുമെല്ലാം കേരളം ഇക്കാര്യത്തിൽ മുൻപിൽ നിൽക്കുന്നതാണ്; അത്രയേയുള്ളൂ, അതല്ലെങ്കിൽ വേണ്ട. അങ്ങനെയൊരു ശാഠ്യവും എനിക്കില്ല. അത് പാടില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. കൃഷ്ണപ്രസാദ്: സർ, കോഴിയുടെ വേസ്റ്റിനെ സംബന്ധിച്ചാണ് പ്രധാനമായിട്ടും അങ്ങ് സൂചിപ്പിച്ച് വന്നത്. ഏറ്റവും പ്രധാനമായിട്ടുള്ള ഒരു പ്രശ്നമാണ് കശാപ്പ് ശാലയുമായി ബന്ധപ്പെട്ട് വരുന്ന വേസ്റ്റ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രയാസമുണ്ടാക്കുന്നതും അതാണ്. നേരത്തെ ശ്രീ. സാജു പോൾ സൂചിപ്പിച്ചപ്പോൾ പറഞ്ഞതുപോലെ എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് Dry Rendering Plant സ്ഥാപിച്ചുകൊണ്ട് കോഴി വേസ്റ്റ്, മറ്റ് മൃഗങ്ങളുടെ കശാപ്പിന് ശേഷം വരുന്ന വേസ്റ്റ്, ഇവയെല്ലാം സംസ്ക്കരിക്കാൻ വേണ്ടിയുള്ള സംവിധാനം ഉണ്ടാക്കിക്കൊണ്ട് പരിഹാരമുണ്ടാക്കാൻ സാധിക്കില്ലേ?

ശ്രീ. എം. ചന്ദ്രൻ: സർ, മാലിന്യ സംസ്ക്കരണത്തെപ്പറ്റി പറയുമ്പോൾ ഏറ്റവും വലിയ മാലിന്യമായിട്ട് വരുന്നത് കോഴി വേസ്റ്റാണ്. കുടിവെള്ള സ്രോതസ്സുകളെ മുഴുവൻ മലിനമാക്കുന്നത് കോഴി വേസ്റ്റാണ്. പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയ്ക്ക് നിരവധി കൈവഴികളുണ്ട്. ഗായത്രിപ്പുഴ, പാപനാശിനി, കണ്ണാടിപ്പുഴ അങ്ങനെ നിരവധി കൈവഴികളുണ്ട്. ഇപ്പോൾ ഇതിലൊക്കെ എത്രയോ കുടിവെള്ള പദ്ധതികളുണ്ട്. വേനൽ കാലത്ത് നീരൊഴുക്ക് നഷ്ടപ്പെടുമ്പോൾ കോഴി വേസ്റ്റ് ഈ പുഴകളിൽ കലർന്ന് വലിയ മാലിന്യമാണ് കുടിവെള്ളത്തിലുണ്ടാവുന്നത്. ഇപ്പോൾ ഇത് കാവൽ നിന്ന് പിടിക്കുകയാണ്. തമിഴ്നാട്ടിൽ നിന്നുവരെ ഇത് ഇവിടെക്കൊണ്ട് വന്ന് ഡമ്പ് ചെയ്യുന്നുണ്ട്. ഞങ്ങളുടെ അവിടെയൊക്കെ പഞ്ചായത്തുകളും സന്നദ്ധ സംഘടനകളും ചേർന്ന് രാത്രി ഉറക്കമുണർന്നിരുന്ന് പിടിച്ച് പോലീസ് സ്റ്റേഷനിൽ ഏൽപ്പിച്ചാൽ കേസ്സെടുക്കാൻ വകുപ്പില്ലായെന്നാണ് ഇപ്പോഴത്തെ നിയമം. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറയുന്ന ഒരു

നിഗമനത്തിലെത്തിക്കഴിഞ്ഞാൽ കോഴി ഇറച്ചിയും മറ്റ് ഇറച്ചിയും തിന്നുന്ന ആളുകളിലാണ് മദ്യാസക്തി എന്ന് പറഞ്ഞാൽ, പാരമ്പര്യമായിട്ട് കേരളത്തിൽ മുസ്ലീങ്ങളാണ് മാംസാഹാരം ഏറെ കഴിക്കുന്നത്. അതിന്റെ അർത്ഥം എടുത്തു കഴിഞ്ഞാൽ മുസ്ലീങ്ങളെല്ലാം മദ്യപാനികളാണ് എന്ന നിലയിലേക്ക് എത്തും അതുകൊണ്ട് അത് അംഗീകരിക്കരുത്.

ശ്രീ. എ. എം. യൂസഫ്: സർ, വളരെ ചരിത്രപരമായ പഠനത്തിന്റേയും അനുഭവത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ ബില്ല് അങ്ങ് അവതരിപ്പിക്കുന്നത്. ഇവിടെ മാലിന്യം നമ്മുടേത് മാത്രമല്ല, വിദേശ രാജ്യത്ത് നിന്നുപോലും കൊച്ചിയിൽ കപ്പൽ വഴി മാലിന്യം കൊണ്ട് തള്ളാൻ പറ്റിയ സ്ഥലമാണ് കേരളമെന്നുള്ള അവസ്ഥാവിശേഷമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ നമ്മൾ നല്ല പ്രതിഷേധം രേഖപ്പെടുത്തിയതുകൊണ്ട് തിരിച്ച് കൊണ്ടുപോയിട്ടുണ്ട്. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒരു ബ്ലോക്കിലെങ്കിലും മാലിന്യം നിക്ഷേപിക്കാൻ പറ്റുന്ന ഒരു കേന്ദ്രം വേണമെന്ന അഭിപ്രായം എനിക്ക് ഉണ്ട്. കളമശ്ശേരി നഗരസഭ പെരിയാറിന്റെ അടുത്താണ് മാലിന്യം നിക്ഷേപിച്ചിട്ടുള്ളത്. പല മാർക്കറ്റുകളിലും മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള യാതൊരു സംവിധാനവുമില്ല. അത് മുഴുവനും ഒന്നുകിൽ പുറത്തേയ്ക്കും അതല്ലെങ്കിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള നടപടികളുമാണ് സ്വീകരിക്കുന്നത്. നമ്മുടെ ഫ്ളാറ്റ് സിസ്റ്റവും ചെറിയ വീടുകളും മറ്റും വന്നപ്പോൾ അവിടെ തെങ്ങും വാഴയും എല്ലാം വയ്ക്കും. അതെല്ലാം ഏതെങ്കിലും തരത്തിൽ നഷ്ടപ്പെട്ടു പോയാൽ തൊട്ടടുത്ത റോഡിലോ മറ്റ് പ്രദേശത്തോ ആണ് കൊണ്ടിടുന്നത്. മാലിന്യം എന്ന് പറയുന്നത് മാംസത്തിൽ നിന്ന് മാത്രമല്ല ഓരോ വീടുമായും ബന്ധപ്പെട്ടുകൊണ്ടുള്ള വാഴയും തെങ്ങും കപ്പയും അങ്ങനെ പല കാര്യങ്ങളും പുറത്തുകൊണ്ടാണ് തള്ളുന്നത്. ഇതിനെല്ലാം കൂടിയുള്ള നടപടി ഈ നിയമത്തിനകത്ത് ഉണ്ടാകണമെന്നുള്ളതിൽ അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, മദ്യപാനികളെ സംബന്ധിച്ചിടത്തോളം ആദ്യം മദ്യം കഴിക്കുമ്പോൾ കൂടുതൽ ഭക്ഷണം കഴിക്കും, മദ്യം കഴിച്ചാൽ മാംസം കഴിക്കണമെന്നാണ് അഷ്ടാംഗഹൃദയത്തിൽ പറയുന്നത്. അപ്പോൾ മാംസം കഴിക്കാതിരുന്നാൽ കുഴപ്പമുണ്ടെന്നാണ് നമ്മുടെ ആരോഗ്യ പുസ്തകത്തിൽ പറയുന്നത്. മദ്യം വളരെ അഡിക്റ്റായിട്ട് കൂടുതൽ കഴിച്ചാൽ ഭക്ഷണമേ കഴിക്കില്ല, മാംസവും കഴിക്കില്ല ഒന്നും കഴിക്കില്ല, അതാണ് അഡിക്റ്റിന്റെ അവസ്ഥ. എനിക്ക് പറയാനുള്ളത്, വീടുകളിൽ സെൻട്രലൈസ്ഡായിട്ടുള്ള മാലിന്യസംസ്ക്കരണം തുടങ്ങിക്കഴിഞ്ഞാൽ അത് പ്രായോഗികമായിട്ട് പല പ്രശ്നങ്ങളും ഉണ്ടാക്കും. മറിച്ച് ഓരോ ഡിവിഷനിലോ ഓരോ വാർഡിലോ ഡീസെൻട്രലൈസ് ചെയ്തുകൊണ്ട് ഈ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് വേണ്ടിയുള്ള ചെറിയ യൂണിറ്റുകൾ ഉണ്ടാക്കിയാൽ ആളുകൾക്ക് പെട്ടെന്ന് മാലിന്യങ്ങൾ കൊണ്ട് പോയി നിക്ഷേപിക്കാൻ കഴിയും. അങ്ങയോട് പറയാനുള്ളത്, ഓരോ വീടുകളിലും ഒരു മീറ്ററിലോ, രണ്ട് മീറ്ററിലോ ഒരു പിറ്റ് കെട്ടി എളുപ്പം ദ്രവിക്കുന്ന സാധനങ്ങൾ അതിലിട്ടാൽ, കോഴി വേസ്റ്റ് അടക്കമുള്ളവ വാഴയോ മറ്റ് എന്തെങ്കിലുമോ ഉണ്ടെങ്കിൽ നമുക്ക് അതിന്റെ കടയ്ക്കലിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇട്ടുകൊടുക്കാൻ കഴിയും. അങ്ങനെ ഒരു പിറ്റ് കെട്ടുന്ന വീടുകൾക്ക്, ഹൗസിംഗ് കോളനിയാണെങ്കിൽ കുറെ വീടുകൾ ചേർന്ന് ഒരു വലിയ പിറ്റ് കെട്ടി പ്ലാസ്റ്റിക്ക് ഒഴിച്ചുള്ള ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്ന സംവിധാനം വരുന്ന അത്തരം വീടുകൾക്ക് ലോക്കൽ ബോഡീസിന്റെ ഭാഗത്ത് നിന്ന് ചെറിയ ടാക്സ് ഇളവ് അനുവദിക്കുന്ന കാര്യം അങ്ങേയ്ക്ക് നിർദ്ദേശിക്കാൻ കഴിയുമോ ?

ശ്രീ. സി. എം. ദിനേശ് മണി: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് കേരളത്തിൽ മദ്യപാനവേളകൾ വർദ്ധിക്കുന്നതുകൊണ്ടാണ് കോഴിയിറച്ചി കൂടുതൽ വിറ്റഴിക്കുന്നതെന്ന നിലയ്ക്ക് ഇവിടെ പറയുകയുണ്ടായി. മാംസഭക്ഷണവും മദ്യപാനവും തമ്മിൽ ബന്ധമുണ്ടാകാം. പക്ഷേ മാംസ ഭക്ഷണം കഴിക്കാത്ത ഒട്ടേറെ മദ്യപാനികളുണ്ട്. അതുകൊണ്ട് മാംസഭക്ഷണവും മദ്യപാനവും തമ്മിൽ ബന്ധപ്പെടുത്തേണ്ട കാര്യമില്ല. മാംസഭക്ഷണം യഥാർത്ഥത്തിൽ ഇപ്പോൾ കേരളത്തിലെ ജനങ്ങളുടെ ഭക്ഷണശൈലിയിൽ വന്ന മാറ്റമാണ്. ഞാൻ നേരത്തെ പറഞ്ഞില്ലേ, പണ്ടൊക്കെ ഏതെങ്കിലും വിരുന്നുകാർ വരുമ്പോഴോ അല്ലെങ്കിൽ ഞായറാഴ്ച കാലങ്ങളിലോ കഴിച്ചിരുന്ന ഇറച്ചിക്കറി ഇപ്പോൾ ഏറെക്കുറെ എല്ലാ ദിവസവും നമുക്ക് ലഭിക്കുന്നു. നമ്മുടെ നിയമസഭാ കാന്റീനിൽത്തന്നെ കോഴിയിറച്ചി എല്ലാ ദിവസവും കിട്ടുന്നുണ്ടല്ലോ. അതുകൊണ്ട് അങ്ങനെയൊരു സംസ്ക്കാരത്തിലേക്ക് കേരളം മാറിയിരിക്കുകയാണ്. കോഴിയിറച്ചി മാത്രമല്ല, സേലത്തുനിന്ന് കൊണ്ടുവരുന്ന ചാവാലി പശുക്കളെയൊക്കെ കണ്ടാൽ ഇറച്ചി കഴിക്കാൻ തോന്നുകയില്ല. പക്ഷേ എങ്കിലും എത്ര ലോഡ് കന്നുകാലികളാണ് ഇവിടെ കൊണ്ടുവന്ന് വെട്ടുന്നത്. അപ്പോൾ സ്ലോട്ടർ ഹൗസിലെ വേസ്റ്റ് എന്നുപറഞ്ഞാൽ കേരളത്തെ സംബന്ധിച്ച് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് അതുപോലെ കേരളത്തെ സംബന്ധിച്ച് കോഴി വേസ്റ്റ് വളരെ ഗുരുതരമായ പ്രശ്നമാണ്. മാർക്കറ്റ് വേസ്റ്റ് പൊതുവിൽ വളരെ ഗൗരവമായ പ്രശ്നമാണ്. ഇതിനെയെല്ലാം സംബന്ധിച്ച് നമുക്ക് നിയമങ്ങളുണ്ട്. പക്ഷേ ആ നിയമങ്ങൾ പരിപാലിക്കപ്പെടുന്നില്ല എന്നുള്ളതാണ്. യഥാർത്ഥത്തിൽ ഈ ഒരു ആവശ്യകതയെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്യേണ്ടി വരുന്നതിന്റെ സാഹചര്യത്തെ സംബന്ധിച്ചാണ് ഞാൻ വീണ്ടും ആവർത്തിച്ച് പറയുന്നത്. നഗരവൽക്കരണത്തിന്റെ അതിവേഗമായ വളർച്ചയുടെ പ്രത്യാഘാതങ്ങൾ നഗരങ്ങളിൽ ആരോഗ്യകരമായ മനുഷ്യവാസന അസാധ്യമാക്കി തീർത്തിരിക്കുന്നു എന്നുള്ളത് വസ്തുതയാണ്. പ്രത്യേകിച്ചും നഗരമാലിന്യ നിർമ്മാർജ്ജനം അതീവ ദുഷ്ക്കരമായി അവശേഷിക്കുന്ന സാഹചര്യത്തിലാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഗവൺമെന്റിന്റെതന്നെ ഔദ്യോഗികമായ നിലപാടാണ് ഇത്. ഖരമാലിന്യം സംബന്ധിച്ച്.....

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ ബിൽ വളരെ കാലികമായ ഒരു ബില്ലാണ്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഒരു അതോറിറ്റിയുടെ ആവശ്യമില്ല. നിലവിൽത്തന്നെ അതിനുള്ള സംവിധാനമുണ്ടെന്ന് പറഞ്ഞു. പക്ഷേ ഇന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡാണെങ്കിലും ശുചിത്വ മിഷനാണെങ്കിലും മറ്റ് സ്ഥലങ്ങളാണെങ്കിലും കേന്ദ്രീകൃതമായ സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് ഇല്ല. അങ്ങ് മേയറായിരുന്നു. കേരളത്തിലെ 1,000 പഞ്ചായത്തുകളിൽ പ്രത്യേക സ്കീമുണ്ടാക്കാൻ പോയാലൊന്നും നടപ്പിലാക്കാൻ സാധിക്കില്ല. നഗരസഭകളാണെങ്കിൽ അവരെല്ലാം വേസ്റ്റ് തള്ളുന്നത് പഞ്ചായത്തുകളിലേയ്ക്കാണ്. കണ്ണൂർ മുനിസിപ്പാലിറ്റിയുടേത് ചെങ്ങറ പഞ്ചായത്തിൽ, കോട്ടയം മുനിസിപ്പാലിറ്റിയുടേത് വിജയപുരം പഞ്ചായത്തിൽ. ഈ രീതിയിലാണ് ചെയ്തു കൊണ്ടിരിക്കുന്നത്. അവിടെയെല്ലാം ബഹുജന സമരങ്ങളാണ് നടക്കുന്നത്. ഇതിനെ ഗൗരവമായിക്കണ്ട് പരിഹാരമുണ്ടാക്കാൻ കഴിയുന്ന അതോറിറ്റി തീർച്ചയായും ആവശ്യമാണ്. എന്റെ അഭ്യർത്ഥന, അങ്ങ് ഈ ബിൽ പിൻവലിച്ചുകൊണ്ട് പോകരുത്. നമുക്ക് അതോറിറ്റി സ്ഥാപിക്കുന്ന നില ഉണ്ടാകണം.

ശ്രീ. സി. എം. ദിനേശ് മണി : സർ, ഗവൺമെന്റ് ഇത് ഗൗരവമായി പരിഗണിക്കുമെന്ന് തന്നെയാണ് എന്റെ വിശ്വാസം. ഇതുകൂടാതെ ഇപ്പോൾ ഗവൺമെന്റിന്റെ നഗര വികസന മേഖലയുമായി ബന്ധപ്പെട്ട കർമ്മപരിപാടിയിൽ ഖരമാലിന്യത്തെ സംബന്ധിച്ച് മാത്രമല്ല ദ്രവമാലിന്യത്തെക്കുറിച്ചും സ്വീവേജ് മാലിന്യങ്ങളെക്കുറിച്ചും പറയുന്നുണ്ട്. പക്ഷേ ഖരമാലിന്യങ്ങൾ ഉണ്ടാക്കുന്ന ഗൗരവം എന്താണെന്നുള്ളത് ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാരുടെ ഇടപെടലിൽ നിന്നുതന്നെ സഭയ്ക്ക് ബോധ്യമായിക്കഴിഞ്ഞ കാര്യമാണ്. ഞാൻ ഇതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ദ്രവമാലിന്യം വിശേഷിച്ചും മനുഷ്യ വിസർജ്യ മാലിന്യത്തെ സംബന്ധിച്ച് ഗവൺമെന്റോ അല്ലെങ്കിൽ കേരളത്തിലുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉൾപ്പെടെയുള്ള ഏജൻസികളോ ഗൗരവമായി എടുക്കുന്നേയില്ല. കേരളത്തിലെ 80 ശതമാനം വരുന്ന കിണറുകളിലേയും കുളങ്ങളിലേയും വെള്ളം കോളിഫോം ബാക്ടീരിയ കലർന്നതാണെന്ന് കഴിഞ്ഞ ദിവസം ഇവിടെ ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി പറഞ്ഞു. ഇത് നിസ്സാരമായ കാര്യമാണോ ?. ഇപ്പോൾ വേമ്പനാട് കായൽ, അഷ്ടമുടിക്കായൽ ഉൾപ്പെടെയുള്ള കായലുകൾ, 44 നദികൾ, പുഴകൾ, തോടുകൾ ഇവയെല്ലാം പരിശോധിക്കണം. കൊച്ചി നഗരത്തിൽ മാത്രമായി ഒന്നരലക്ഷം വീടുകളിൽ സ്വീവേജ് മാലിന്യ സംസ്ക്കരണത്തെ സംബന്ധിച്ച് ഒരു പ്രശ്നമുണ്ടായിരുന്നു. അന്ന് യഥാർത്ഥത്തിൽ 80 ശതമാനം വീടുകൾക്കേ സെപ്ടിക് ടാങ്കുകൾ ഉണ്ടായിരുന്നുള്ളൂ. ബാക്കി 20 ശതമാനം വീടുകൾക്കേ സെപ്ടിക് ടാങ്കുകൾ ഇല്ല. മാത്രമല്ല സെപ്ടിക് ടാങ്കുകൾ ഇല്ലാത്തവർ റിംഗ് കക്കൂസുകൾ, കുഴി കക്കൂസുകൾ ഇവയൊക്കെയാണ് ഉപയോഗിക്കുക. റിംഗ് കക്കൂസുകളും കുഴി കക്കൂസുകളും ഉപയോഗിക്കുന്ന ഒരു നല്ല വിഭാഗം ജനങ്ങൾ നഗരങ്ങളിൽ മാത്രമുണ്ട്. കൊച്ചി നഗരത്തിൽ തന്നെ 100-ഓളം കോളനികളുണ്ട്. ഈ കോളനികളിൽ നിന്നുള്ള കക്കൂസിൽ നിന്നുള്ള മാലിന്യം നേരിട്ട് സെപ്ടിക് ടാങ്കിലേക്ക് പോകുന്നില്ല. അത് ക്ലോസറ്റിൽനിന്ന് നേരിട്ട് കനാലുകളിലേക്കും കായലിലേക്കുമാണ് പോകുക. ഇപ്പോൾ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരിയിലൊക്കെ പോയാൽ, കൽവത്തി രാമേശ്വരം കനാലിലേക്ക് ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. അവിടെ വന്നാൽ കാണാൻ കഴിയും. അത് ക്ലോസറ്റിൽനിന്ന് നേരിട്ട് കാനയിലേക്ക് പോകുകയാണ്. ഇത് നമ്മുടെ മിക്കവാറും പ്രദേശങ്ങളിൽ നോക്കിയാൽ കാണാൻ കഴിയും. ഇത് ഈ രീതിയിൽ പോയാൽ എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

സംഭവിക്കുക. കോളിഫോം ബാക്ടീരിയയുടെ അളവ് കുറയുമോ കൂടുമോ ? കൂടാൻ പോകുകയാണ്. ഇപ്പോൾ ആണെങ്കിലോ മൂന്ന് കോടി വരുന്ന കേരളീയരുടെ വിസർജ്യ മാലിന്യങ്ങളുടെ അളവ് എത്ര മാത്രം പ്രതിദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ളത് കണക്ക് കൂട്ടുക .....(ബഹളം)..... ശബരിമലയിൽ മാത്രമായി മൂന്നുകോടി അയ്യപ്പൻമാർ പ്രതിവർഷം വരുന്നുണ്ട്. അവരുണ്ടാക്കുന്ന പ്രത്യാഘാതം പമ്പയാറിനെ സംബന്ധിച്ചിട്ടുള്ള ചർച്ചകളൊക്കെ ഇവിടെ നിരന്തരമായി നിഴലിക്കുന്ന ഒരു കാര്യമാണ്, പമ്പയാർ മലിനമാകുന്നു എന്നുള്ളതിനെ സംബന്ധിച്ച് അവിടെ വരുന്ന ഭക്തജനങ്ങളെ സംബന്ധിച്ചാണ്. .....

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങ് പറഞ്ഞത് വളരെ കറക്ടാണ്. ഇവിടെ വേമ്പനാട്ടുകായലിലും കൊച്ചിയിലും ആലപ്പുഴയിലുമൊക്കെ 100 കണക്കിന് ഹൗസ് ബോട്ടുകളും മറ്റ് സംവിധാനങ്ങളുമാണുള്ളത്. ഇവർക്കൊന്നും ഹ്യൂമൻ വേസ്റ്റ് പ്രോസസ് ചെയ്ത് കളയാനുള്ള ഒരു സംവിധാനവുമില്ല. നമ്മുടെ ടൂറിസം ഡിപ്പാർട്ടുമെന്റാണെങ്കിൽ അജ്ഞത നടിച്ചിരിക്കുകയാണ്. ഹൗസ് ബോട്ടുകളിലും കെട്ടുവള്ളങ്ങളിലുമുള്ള യാത്രയിലൊക്കെ ഇതിനുള്ള സംവിധാനങ്ങൾ വേണ്ടതല്ലേ. അതിന് ഗവൺമെന്റ് ടൂറിസം ഡിപ്പാർട്ടുമെന്റിന് നിബന്ധന വയ്ക്കേണ്ടതല്ലേ. എന്താണ് അങ്ങയുടെ അഭിപ്രായം ?

ശ്രീ. സി. എം. ദിനേശ് മണി : സർ, അങ്ങ് ഉന്നയിച്ച പ്രശ്നം വളരെ സീരിയസ്സാണ്. ഇപ്പോൾ കോട്ടയത്ത് നിന്ന് കുമരകത്ത് പോകുന്ന വഴിക്ക് ടൂറിസം ഡിപ്പാർട്ടുമെന്റിന് ഒരു ചെറിയ സ്വീവേജ് പ്ലാന്റ് വച്ചിട്ടുണ്ട്. കുമരകത്തുള്ള കെ.ടി.ഡി.സി.യുടെ ഹോട്ടലിന് മുമ്പായി ഒരു ചെറിയ പ്ലാന്റ് വച്ചിട്ടുണ്ട്. അതുപോലെയുള്ള ചില സൂത്രപ്പണികൾ മാത്രമാണ് ഈ രംഗത്ത് നടക്കുന്നത്. പക്ഷേ യഥാർത്ഥത്തിൽ ഉണ്ടാകുന്ന സ്വീവേജ് ട്രീറ്റ് ചെയ്യാൻ വേണ്ടിയുള്ള സംവിധാനമില്ല. വാട്ടർ അതോറിറ്റിയെയാണ് ഇത് ഏൽപ്പിച്ചിട്ടുള്ളത്. 1971-ൽ സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റ് ഉണ്ടാക്കാൻ പി.എച്ച്.ഇ.ഡി. കൊച്ചിയിൽ പൈപ്പ് ഇട്ടു. അന്ന് സന്തോഷ് ട്രോഫി ഫുട്ബാൾ കളി വന്നപ്പോൾ ഉടനെതന്നെ റോഡുകളെല്ലാം ശരിയാക്കി ടാർ ചെയ്തു. പിന്നെ ആ പൈപ്പ് കണ്ടിട്ടില്ല. അതിനുശേഷം 1972-ൽ പി.എച്ച്.ഇ.ഡി. എന്നുള്ളത് വാട്ടർ അതോറിറ്റിയായി മാറ്റി. ആദ്യം വാട്ടർ അതോറിറ്റിയുടെ പേര് 'വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി' എന്നായിരുന്നു. പക്ഷേ നമ്മൾ പറയുന്നത് വാട്ടർ അതോറിറ്റി എന്നാണ്. കാരണം വേസ്റ്റ് വാട്ടർ അവർ കണ്ടില്ലായെന്നുവച്ചു അത് ഒഴിവാക്കി. പക്ഷേ പ്രശ്നം എന്താണ് ? ഒഴിവാക്കുമ്പോൾ മനുഷ്യമാലിന്യം ഇല്ലാതാകുന്നില്ലല്ലോ. ഇപ്പോൾ കൊച്ചി നഗരസഭയിൽ ഒരു സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റുണ്ട്. അവിടെ അഞ്ച് ശതമാനം വരുന്ന മാലിന്യം സംസ്ക്കരിക്കാനുള്ള സംവിധാനമേയുള്ളൂ. തിരുവനന്തപുരം കോർപ്പറേഷനിലും ഒരെണ്ണമുണ്ട്. അത് അഞ്ച് ശതമാനംപോലുമില്ല. രണ്ട്, രണ്ടര ശതമാനം സംസ്ക്കരിക്കാനുള്ളതേയുള്ളൂ. JNNURM (Jawaharlal Nehru National Urban Renewal Mission)-ന്റെ സഹായത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് കൊച്ചിയിലും തിരുവനന്തപുരം നഗരസഭയിലും രണ്ട് ട്രീറ്റുമെന്റ് പ്ലാന്റുകൾ സ്ഥാപിക്കാൻ വേണ്ടിയുള്ള ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ട്. കൊച്ചിയിൽ ഇത് നടപ്പാക്കുന്നത് സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഗൗരവമായ ഒരു തർക്കം വന്നു. 'ജൻറം' ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടാക്കാനുള്ള ചുമതല വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കണോ വേണ്ടയോ എന്നത് സംബന്ധിച്ച് കോർപ്പറേഷനും വാട്ടർ അതോറിറ്റിയുമായി തർക്കം വന്നു. ആ തർക്കം പരിഹരിക്കാൻ രണ്ട് വർഷമെടുത്തു. വാട്ടർ അതോറിറ്റി എന്ന് പറയുന്ന ഏജൻസിയാണ് നിയമപരമായി ഈ മനുഷ്യമാലിന്യ സംസ്ക്കരണത്തിനുള്ള ചുമതലപ്പെട്ട ഏജൻസിയെങ്കിലും അത് തികച്ചും പൂർണ്ണപരാജയമാണ്. കേരള സമൂഹം വളരെ അലസതയോടുകൂടി കൈകാര്യം ചെയ്യുന്ന ഒരു മേഖലയാണ് മനുഷ്യ മാലിന്യ സംസ്ക്കരണം. അതുകൊണ്ട് നമ്മുടെ നദികളും പുഴകളും കായലുകളുമെല്ലാം മലിനമായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എം. യൂസഫ് : സർ, കേരളത്തിന്റെ ഏറ്റവും വലിയ ശാപമായി പ്ളാസ്റ്റിക് മാറിയിരിക്കുകയാണ്. നിരോധനം കൊണ്ട് ഉദ്ദേശിച്ചത്ര ഫല പ്രാപ്തി ഉണ്ടായിട്ടില്ല. വ്യാപകമായി തന്നെ എല്ലാവരും പ്ളാസ്റ്റിക് ഉപയോഗിക്കുകയാണ്. അങ്ങയുടെ ബില്ലിൽ അതുംകൂടി ഉൾപ്പെടുത്തേണ്ടതല്ലേ ?

ശ്രീ. സി. എം. ദിനേശ് മണി : ഞാൻ നീട്ടിക്കൊണ്ട് പോകുന്നില്ല. കേരളത്തിന്റെ വാർഷിക പദ്ധതിയിൽ, ശുചിത്വ കേരള പദ്ധതി, ക്ളീൻ കേരള മിഷൻ, നഗരവികസന വകുപ്പിന്റെ കീഴിൽ നഗര സമ്പ്രദായത്തിന്റെ പരിസ്ഥിതി അഭിവൃദ്ധിപ്പെടുത്തൽ, മാലിന്യ വിമുക്ത കേരളം, മാധ്യമ പ്രചരണം, എന്നീ പദ്ധതികളെല്ലാമുണ്ട്. മുപ്പത് നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംയോജിത ഖരമാലിന്യങ്ങളുടെ സംസ്ക്കരണം നടപ്പിലാക്കാൻ വേണ്ടിയുള്ള നിർദ്ദേശമുണ്ട്. നൂറ് ഗ്രാമപഞ്ചായത്തുകളിൽ ശരിയായ രീതിയിലുള്ള മാലിന്യ സംസ്ക്കരണം നടപ്പിലാക്കണമെന്നുള്ള നിർദ്ദേശമുണ്ട്. ഈ കർമ്മ പരിപാടികളിലൊക്കെ പറയുന്ന കാര്യങ്ങൾ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നില്ല. ഇപ്പോൾ ഖരമാലിന്യ സംസ്ക്കരണമായാലും ജലമാലിന്യ സംസ്ക്കരണമായാലും മനുഷ്യ വിസർജ്യ മാലിന്യ സംസ്ക്കരണമായാലും ഈ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ വാട്ടർ അതോറിറ്റിക്കോ അവരുടെ ചുമതലകൾ നിർവ്വഹിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ്. അത് കാൽനൂറ്റാണ്ടിലധികം കാലത്തെ കേരളത്തിന്റെ അനുഭവമാണ്. അതുമൂലമുണ്ടാകുന്ന ഒരു പ്രശ്നമാണ് നമ്മുടെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. ഇതിനൊരു പരിഹാരം കാണണം. ഇതിന് പരിഹാരം കാണണമെങ്കിൽ മുനിസിപ്പൽ ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലയിൽ നിന്നും മാറ്റണമെന്ന് ഞാൻ പറയുന്നില്ല. ഇപ്പോൾ കൊച്ചി നഗരസഭയുടെ ബ്രഹ്മപുരം പ്ളാന്റായാലും തിരുവനന്തപുരം കോർപ്പറേഷന്റെ വിളപ്പിൽശാല പ്ളാന്റ് ആയാലും പ്ളാന്റ് നടത്തുന്നത് സ്വകാര്യ ഏജൻസികളാണ്. അത് സ്ഥാപിക്കാൻ വേണ്ടി കോർപ്പറേഷൻ മുൻകൈ എടുത്തു. ഗവൺമെന്റിന്റെ സഹായം കിട്ടി. ഫണ്ട് കിട്ടി. അത് ഉപയോഗപ്പെടുത്തി പ്ളാന്റ് സ്ഥാപിച്ചു. പക്ഷേ അത് നടത്തിക്കൊണ്ടു പോകുന്നത് സ്വകാര്യ ഏജൻസികളാണ്. ഞാൻ പറയുന്നത് എന്താണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

വച്ചാൽ യഥാർത്ഥത്തിൽ ഇതിനാവശ്യമായ മോഡേൺ ടെക്നോളജിയില്ല. നൂറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്ക്കരണത്തിന് നൂറ് ടെക്നോളജിയാണ് ഉപയോഗപ്പെടുത്തുന്നത്. നല്ല ശാസ്ത്രീയമായ ഒരു ടെക്നോളജി ഉപയോഗിക്കാൻ കഴിയില്ലേ ? ഒരു കേന്ദ്രീകൃത ഏജൻസിക്ക് മാത്രമേ ഒരു നല്ല, ഏറ്റവും സമർത്ഥമായ ടെക്നോളജി ഉപയോഗിക്കാൻ കഴിയൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇതിന് ആവശ്യമായിട്ടുള്ള സാങ്കേതിക വിദഗ്ദ്ധരില്ല. സാങ്കേതിക വിദഗ്ദ്ധരെ കണ്ടെത്താനും ഒരു കേന്ദ്രീകൃത സ്ഥാപനത്തിനെ സാദ്ധ്യമാകൂ. അതുപോലെ തന്നെ വാട്ടർ അതോറിറ്റിക്കും ഇത് സാദ്ധ്യമല്ല, വാട്ടർ അതോറിറ്റിയും ഇവിടെ പരാജയപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഖരമാലിന്യ സംസ്ക്കരണമായാലും ദ്രവമാലിന്യ സംസ്ക്കരണമായാലും മനുഷ്യവിസർജ്യ മാലിന്യ സംസ്ക്കരണമായാലും ഇതെല്ലാംകൂടി ചേർന്നുകൊണ്ടുള്ള .....

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, മനുഷ്യവിസർജ്യത്തിന്റെ കാര്യത്തിൽ ഇപ്പോൾ സമ്പൂർണ്ണ കക്കൂസുകൾ വന്ന പഞ്ചായത്തുകളിൽ, കക്കൂസുകൾ എല്ലാം സ്ഥാപിച്ചു. എന്നാൽ ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടേണ്ട ഒരു കാര്യമുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ധാരാളം തൊഴിലാളികൾ ഇങ്ങോട്ട് വരുന്നുണ്ട്. ഈ തൊഴിലാളികൾ ഇവിടെ താമസിക്കുന്നത് പീടികകോലായിലും മറ്റുമാണ്. ഇവർ അതിരാവിലെ എഴുന്നേറ്റിട്ടാണ് കാര്യങ്ങൾ നിർവ്വഹിക്കുന്നത്. എല്ലാം പൊതുസ്ഥലത്താണ്. ഇങ്ങനെ വരുമ്പോൾ മലേറിയയുടെ തിരിച്ചുവരവ് ഇതിന്റെ ഫലമായിട്ടാണെന്ന് പറയുന്നുണ്ട്. ഇങ്ങനെയുള്ള സ്ഥലത്ത് പഞ്ചായത്തുകൾ ഇടപെട്ടുകൊണ്ട് പൈസ വാങ്ങിയിട്ടാണെങ്കിലും തരക്കേടില്ല. പൊതു കക്കൂസുകൾ ഉണ്ടാക്കണം. അതുകൊണ്ട് ഇക്കാര്യം പ്രാവർത്തിക്കമാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ ഒരു പ്രോജക്ട് തന്നെയുണ്ടാക്കിയാലെ ഈ പ്രശ്നം അവസാനിപ്പിക്കാൻ വേണ്ടി പറ്റൂ. അങ്ങനെ ഒരു ആശയം അങ്ങയുടെ ബില്ലിൽ ഉൾപ്പെടുത്തുമോ ?

ശ്രീ. സി. എം. ദിനേശ് മണി : സർ, ഇത് ഉൾപ്പെടുത്താം. ഒരു വിരോധവുമില്ല. പക്ഷേ സെപ്റ്റിക് ടാങ്ക് വെയ്സ്റ്റ് എന്താണ് ചെയ്യുന്നത് ? കൊച്ചി നഗരത്തിൽ സെപ്റ്റിക് ടാങ്കിൽ നിന്നുള്ള വേസ്റ്റ് സക്ക് ചെയ്തിട്ട് സക്കറുകൾ ശരാശരി പത്ത് ഇരുപത് ലോഡ് വെയ്സ്റ്റ് കായലുകളിലും കടലുകളിലും കൊണ്ടുപോയി കളയുകയാണ്. കുടിവെള്ള ശ്രോതസ്സുകളിലും കൊണ്ടുപോയി കളയുന്നുണ്ട്. നഗരങ്ങളിൽ തന്നെയുള്ള വലിയ തോടുകളിൽ കൊണ്ടുപോയി കളയുന്നുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ കക്കൂസുകളിൽ നിന്നുള്ള വേസ്റ്റ് സക്ക് ചെയ്ത് കായലുകളിൽ കൊണ്ടു പോയി കളയുന്നുണ്ട്. ഇത് ഇങ്ങനെ നിരന്തരമായി നടക്കുന്ന ഒരു പ്രക്രിയയല്ലേ ? എല്ലാ നഗരങ്ങളിലും നടക്കുന്ന ഒരു പ്രക്രിയയല്ലേ ? ഇത് കണ്ടില്ലെന്ന് വെക്കാൻ പറ്റുമോ. എല്ലാ ദിവസവും പത്രങ്ങളെടുത്ത് നോക്കിക്കഴിഞ്ഞാൽ കാണാം സെപ്റ്റിക് ടാങ്ക് ക്ളീനിംഗ്, ഇന്ന നമ്പറിൽ വിളിക്കുക എന്ന പരസ്യമുണ്ട്. ഈ സെപ്റ്റിക് ടാങ്ക് വേസ്റ്റ് കൊണ്ടുപോയി കളയുന്നത് കായലുകളിലും തോടുകളിലും പുഴകളിലും നദികളിലുമല്ലേ ?. നിരന്തരമായി

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്ന പ്രക്രിയയല്ലേ ഇത് ? അതുകൊണ്ട് അതിന് ഒരു പരിഹാരം കാണേണ്ടതുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല. വളരെ ഗൗരവമായിട്ടുള്ള ഈ പ്രശ്നത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വാട്ടർ അതോറിറ്റിക്കും പരിഹാരം കാണാൻ കഴിയാത്ത ഒരു കാര്യമായി മാറിയിരിക്കുന്നു. എന്നു വച്ചാൽ ഇതിന്റെ ചുമതല മാറ്റണം എന്നല്ല ഞാൻ പറഞ്ഞത്. ഇതിലിപ്പോൾ മുനിസിപ്പാലിറ്റി എന്നുള്ള ഒരു പേരുതന്നെ യഥാർത്ഥത്തിൽ 'വൃത്തിയായ നഗരം' എന്നുള്ളതാണ്. നഗരം വൃത്തിയാക്കുക എന്ന ചുമതല യഥാർത്ഥത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ചുണ്ട്. അതായത് തെരുവുകൾ വൃത്തിയായി സൂക്ഷിക്കുക, ആരോഗ്യപരിപാലന കാര്യം ശ്രദ്ധിക്കുക. ആരോഗ്യപരിപാലനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് മാലിന്യ സംസ്ക്കരണ പ്ളാന്റ് സ്ഥാപിക്കണമെന്നുള്ളതല്ല. മാലിന്യ സംസ്ക്കരണ പ്ളാന്റ് സ്ഥാപിക്കുക, അത് പ്രവർത്തിപ്പിക്കുക എന്നുള്ളത് ഒരു സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ പ്രശ്നമാണ്. അത്തരം ഒരു സാങ്കേതിക വൈദഗ്ദ്ധ്യത്തെ പ്രയോജനപ്പെടുത്തി ഉപയോഗപ്പെടുത്താൻ എല്ലാ ലോക്കൽ ബോഡികൾക്കും കഴിയില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഒരു കേന്ദ്രീകൃത സംവിധാനം വേണം. വാട്ടർ അതോറിറ്റിക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇന്ന് മാലിന്യസംസ്ക്കരണത്തിൽ അവരുടെ ചുമതല നിർവ്വഹിക്കാൻ കഴിയാതെ വന്നിട്ടുള്ള സാഹചര്യത്തിൽ, അവർ ഈ രംഗത്ത് പരാജയപ്പെട്ട സാഹചര്യത്തിൽ കേന്ദ്രീകൃതമായ ഒരു അതോറിറ്റിക്ക് രൂപംകൊടുത്തുകൊണ്ട് ഈ മേഖലയിലെ മാലിന്യസംസ്ക്കരണ ചുമതല ഏറ്റെടുക്കാൻ തക്കവിധത്തിൽ എക്യൂപ് ചെയ്ത്, അതിനെ ശക്തിപ്പെടുത്തിക്കൊണ്ട് ഒരു ഏജൻസി, ഒരു അതോറിറ്റി രൂപീകരിക്കണമെന്നുള്ള എന്റെ ഈ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, പ്രശ്നങ്ങൾ ഇവിടെ അവതരിപ്പിച്ചത് വളരെ യാഥാർത്ഥ്യപൂർണ്ണമായ രീതിയിലാണ്. ഇവിടെ ഒരു നിയമം ഉണ്ട്. ആ നിയമത്തിൽ പഞ്ചായത്ത്രാജ്-നഗരപാലിക ആക്ടിന്റെ ഭാഗമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ കാര്യത്തിൽ വളരെയേറെ ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ടെന്ന് പറയുന്നുണ്ട്. പ്രായോഗികമായി കേരളത്തിൽ ജനസാന്ദ്രത കൂടുതലുള്ളതുകൊണ്ട് കുറെ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ പോലും ഈ അടുത്തകാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറേയേറെ മുൻകൈ എടുത്തുകൊണ്ടിരിക്കുന്നുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായാലും സർക്കാർ ആശുപത്രികൾ ആയാലും, അവയുടെയെല്ലാം ഉത്തരവാദിത്വവും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മറ്റ് പ്രൈവറ്റ് ആശുപത്രികളാണെങ്കിൽ പൊലൂഷൻ കണ്ട്രോൾ ബോർഡ് വളരെ ശക്തമായ നിലപാട് സ്വീകരിച്ചതുകൊണ്ട് വേസ്റ്റ് മാനേജുമെന്റിന്റേയും സോളിഡ് വേസ്റ്റുമെല്ലാം കാര്യത്തിലുള്ള നിബന്ധനകൾ വളരെ

LIBRARY ARCHIVES Kerala Legislative Assembly

കർശനമായി അവർ പാലിക്കുന്നുണ്ട്. പക്ഷേ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ബഹുമാനപ്പെട്ട ശ്രീ. സി. എം. ദിനേശ്മണി പറഞ്ഞതുപോലെ മനുഷ്യ വിസർജ്യവും, കോഴിവേസ്റ്റും അറവുശാലകളിൽ നിന്നും വരുന്ന വേസ്റ്റും ഓരോ വീടുകളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വേസ്റ്റും ആണ്. ഇതെല്ലാം അതാത് സ്ഥലത്ത് പ്രാദേശികമായി സംസ്ക്കരിക്കാനുള്ള മാർഗ്ഗം നമുക്കുണ്ട്. ആ മാർഗ്ഗം നമ്മൾ അവലംബിക്കാത്തതാണ് പ്രധാന പ്രശ്നം. ഇക്കാര്യത്തിൽ കേരളീയരിൽ ഉണ്ടാകേണ്ടുന്ന പരമ പ്രധാനമായ ഒന്നാണ് ശുചിത്വബോധത്തെക്കുറിച്ചുള്ള അവയർനെസ്. ശുചിത്വബോധം വ്യക്തിപരമായിട്ട് പോരാ. വ്യക്തിപരമായ ശുചിത്വത്തിൽ നമ്മൾ ഊന്നൽ നൽകുന്നു. എന്നാൽ സമൂഹത്തിന്റെ കാര്യം മറന്നു പോകുന്നു, നാടിന്റെ കാര്യം മറന്നുപോകുന്നു. അതാണ് കേരളത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. അതോറിറ്റി വന്നതു കൊണ്ട് മാത്രം ഇത് പരിഹരിക്കപ്പെടുന്നില്ല. പകരം നിലവിലുള്ള നിയമം ഉപയോഗപ്പെടുത്തുക, കേരളീയരുടെ മനസ്സിന്റെ ഇന്നത്തെ നില മാറ്റുക, കുറേക്കൂടി വിശാലമായ മനഃസ്ഥിതിയോടുകൂടി മാലിന്യസംസ്ക്കരണത്തിന് ആവശ്യമായിട്ടുള്ള മാർഗ്ഗങ്ങൾ അതാത് വീടുകൾ, അതാത് സ്ഥാപനങ്ങൾ എന്നിവ അവലംബിച്ചു കഴിഞ്ഞാൽ ഒരു പരിധിവരെ നമുക്ക് ഈ പ്രയാസം ഒഴിവാക്കാം. കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഇതുതന്നെയാണ്. ആ വെല്ലുവിളിയെ നേരിടാൻ നമുക്ക് സാധിക്കും. ഒരു അതോറിറ്റി രൂപീകരിച്ചുവെന്ന് നേരത്തേ ഇവിടെ പറഞ്ഞല്ലോ. വാട്ടർ അതോറിറ്റിയുണ്ട്. പക്ഷേ വാട്ടർ അതോറിറ്റിയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്തം കുടിവെള്ള മെത്തിക്കുക എന്നതാണ്. അത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. വർഷങ്ങളായിട്ടുള്ളതാണ്. അത് വളരെ ശരിയാണ്. പണ്ടുകാലത്തെ പി.എച്ച്.ഇ.ഡി. എന്നു പറഞ്ഞാൽ രണ്ടുമാണ്. കുടിവെള്ളം കൊടുക്കുകയും, ശുദ്ധമായ വെള്ളം എല്ലാ സ്ഥലത്തും ഉറപ്പുവരുത്തുക്കയെന്നതാണ്. അതിന്റെ രീതി തന്നെ ഇപ്പോൾ മാറിയിട്ടുണ്ട്. ശരിയാണ്, പക്ഷേ പറഞ്ഞിട്ടു കാര്യമില്ല. അത് നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ചെയ്യേണ്ടത്. അപ്പോൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യാത്തതിന്റെ ഫലമാണ്, ആ ദുരന്തമാണ് നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇനിയെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും സർക്കാരാശുപത്രികളുൾപ്പെടെ കുറച്ചകൂടി ഉണർന്ന് പ്രവർത്തിച്ചാൽ യാതൊരു സംശയവും വേണ്ട നമുക്ക് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. അതുകൊണ്ട് ഒരു പ്രത്യേക അതോറിറ്റി ഇതിനായിട്ട് ഉണ്ടാക്കുകയെന്നുള്ളതല്ല, ഉള്ള നിയമമുപയോഗിച്ചു കൊണ്ട് ബന്ധപ്പെട്ട സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത് നടപ്പിലാക്കാൻ വേണ്ടിയുള്ള തീരുമാനം എടുക്കുകയാണ് വേണ്ടത്. ഒരു അതോറിറ്റി രൂപീകരിച്ചതുകൊണ്ടു മാത്രം ഇത് കാര്യമായി നടക്കുമെന്ന വിശ്വാസമില്ല. അതുകൊണ്ട് ഗവൺമെന്റിന് ഇങ്ങനെ ഒരു അതോറിറ്റി ഉണ്ടാക്കണമെന്ന അഭിപ്രായമില്ല.

11.00 AM]

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ഇവിടെ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംസ്കരണ അതോറിറ്റി ബില്ലിനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ചർച്ചയാണ് നടന്നത്. മലിനജല അതോറിറ്റിയടക്കം അല്ലെങ്കിൽ വേസ്റ്റ് വാട്ടർ അതോറിറ്റിയെന്ന രൂപത്തിൽ 1984-ൽ രൂപീകൃതമായ കേരള വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയാണ് പിൽക്കാലത്ത് കേരള വാട്ടർ അതോറിറ്റിയായി രൂപാന്തരപ്പെട്ടത്. പക്ഷേ കേരള വാട്ടർ അതോറിറ്റിയായി രൂപാന്തരപ്പെടുമ്പോഴും മലിനജല നിർമ്മാർജ്ജനം അല്ലെങ്കിൽ സംസ്കരണ പ്രക്രിയയുൾപ്പെടെയുള്ളവ ഇപ്പോഴും ഈ ആക്ടിന്റെ പരിധിയിൽ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. എന്നാൽ 73-ഉം 74-ഉം ഭരണഘടനാ ഭേദഗതി നിയമമനുസരിച്ചും അതുപോലെ ഏറ്റവുമൊടുവിലുള്ള ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ പോളിസി അനുസരിച്ചും ഈ കാര്യങ്ങളൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ കൊണ്ടുവരണമെന്നുള്ളതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഈ സ്വകാര്യ ബിൽ പൈലറ്റ് ചെയ്ത ബഹുമാനപ്പെട്ട മുൻ മേയർ കൂടിയായിട്ടുള്ള സി. എം. ദിനേശ് മണി സൂചിപ്പിച്ചതുപോലെ 2011 ആകുമ്പോൾ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന മുൾപ്പെടെ കുടിവെള്ള വിതരണ പദ്ധതികളുൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരണമെന്നുള്ളതാണ് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ പോളിസിയും പോളിസി ഗൈഡ്ലൈൻസും. അതിന്റെ ഭാഗമായിട്ടാണ് JNNURM, UIDSSMT പദ്ധതികൾ. വൻകിട നഗരങ്ങളിൽ ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ പദ്ധതി പ്രകാരവും ചെറുകിട-ഇടത്തരം നഗരങ്ങളിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് മുഖാന്തിരവുമുള്ള രണ്ട് സ്കീമുകൾ ഗവൺമെന്റ് ഓഫ് ഇൻഡ്യ പ്ലാൻ ചെയ്തിട്ടുള്ളത് ഭാരത് നിർമ്മാൺ പദ്ധതിയനുസരിച്ചാണ്. അതിന്റെ ഭാഗമായി കേരളത്തിലെ ഏതാണ്ട് 14 മുനിസിപ്പാലിറ്റികളും രണ്ട് കോർപ്പറേഷൻ നഗരങ്ങളും ഉൾപ്പെടുത്തി കേരളത്തിന് വേസ്റ്റ് വാട്ടർ മാനേജ്മെന്റിന്റെ കാര്യത്തിലും അതുപോലെ ഡ്രിങ്കിംഗ് വാട്ടർ സെക്ടറിലുമൊക്കെ ആനുകൂല്യം ലഭിച്ചിട്ടുള്ള സാഹചര്യമാണ് നിലവിലുള്ളത്. ഈ വകുപ്പിന്റെ ചുമതലയുള്ള ബഹുമാന്യയായ മന്ത്രി പി. കെ. ശ്രീമതി ടീച്ചർ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലേക്ക് മാലിന്യ നിർമ്മാർജ്ജന പ്രക്രിയ വരണം എന്നുള്ളതാണ് ഗവൺമെന്റും ഇക്കാര്യത്തിൽ ആഗ്രഹിക്കുന്നത്. ഇപ്പോൾത്തന്നെ തിരുവിതാകൂർ മഹാരാജാവിന്റെ കാലഘട്ടത്തിൽ ആരംഭിച്ചിട്ടുള്ള ഒരു ഡ്രെയിനേജ് സ്കീമാണ് അല്ലെങ്കിൽ സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനമാണ് തിരുവനന്തപുരം നഗരത്തിലുള്ളത്. കൊച്ചി നഗരത്തിലും ഇത് പരിമിതമായിട്ടു മാത്രമാണുള്ളത്. ഇത് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വന്ന് വികേന്ദ്രീകൃതമായിട്ടുള്ള മാലിന്യസംസ്കരണ സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കേണ്ടത് അടിയന്തര പ്രാധാന്യമുള്ള വിഷയമാണ്. ഇവിടെ ബഹുമാനപ്പെട്ട പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണഘടനാനുസൃതമായി നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ എടുത്തുമാറ്റുന്നതിന് സമാനമായിരിക്കും ഇതിന്റെ പേരിൽ ഒരു അതോറിറ്റി രൂപീകരിച്ചാൽ സ്വഭാവികമായും ഉണ്ടാവുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാൻഡേറ്ററി ഡ്യൂട്ടിയാണ് മാലിന്യ സംസ്കരണമെന്നത്. പക്ഷേ അനുഭവത്തിൽ നമുക്ക് കാണാൻ കഴിയുന്നത് ഒരു പഞ്ചായത്തിനും ഇതിന്റെ സംസ്കരണ യൂണിറ്റ് ഉണ്ടാക്കാൻ കഴിയില്ല. പലപ്പോഴും മൂന്നോ നാലോ പഞ്ചായത്തുകളെ കൂട്ടിവേണം ഇതുണ്ടാക്കാൻ. അത് കോ-ഓർഡിനേറ്റ് ചെയ്യാൻ വേണ്ടിയാണ് ക്ലീൻ കേരള മിഷൻ സ്ഥാപിച്ചത്. അതിന്റെ പേര് ഇപ്പോൾ മാറ്റി. ഇത് കോ-ഓർഡിനേറ്റ് ചെയ്യുവാൻ, പഞ്ചായത്തുകൾ ചെയ്യേണ്ട ജോലി പഞ്ചായത്തുകൾ ചെയ്യണം. സോഴ്സിൽ തന്നെ റെഡ്യൂസ് ചെയ്യേണ്ട പരിപാടികൾക്ക് ബോധവൽക്കരണം നടത്തണം. പക്ഷേ അതോടൊപ്പം ഇതൊന്ന് കോ-ഓർഡിനേറ്റ് ചെയ്യുവാൻ സ്റ്റേറ്റ് തലത്തിൽ ഒരു സമിതി അല്ലെങ്കിൽ ഒരു അതോറിറ്റിയുണ്ടാകുക നന്നായിരിക്കും എന്ന അഭിപ്രായം അങ്ങയ്ക്കില്ലേ ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, അതോറിറ്റി രൂപീകരണം കൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെടാൻ പോകുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതാണ് അതിന്റെ പ്രധാനപ്പെട്ട കാരണം. ഇപ്പോൾ വികേന്ദ്രീകൃതമായിട്ടുള്ള സംസ്കരണം ഈ കാര്യത്തിൽ വരുത്തുന്നത് നഗരങ്ങളിൽ ബുദ്ധിമുട്ടാണ്. നഗരങ്ങളിലെ മുഴുവൻ വേസ്റ്റുകളും കേന്ദ്രീകരിച്ച് ഒറ്റസ്ഥലത്ത് മാത്രം, തിരുവനന്തപുരം സിറ്റിയിൽ ചെയ്യുന്നതുപോലെ മറ്റു സിറ്റികളിൽ ആലോചിക്കേണ്ടിവരും. പക്ഷേ ഗ്രാമപ്രദേശങ്ങളിൽപോലും വേസ്റ്റ് മാനേജ് ചെയ്യാൻ കഴിയാത്ത നിലയിൽ വേസ്റ്റിന്റെ കൂമ്പാരം വലിയ രൂപത്തിൽ കേരളത്തിൽ എല്ലാ ഗ്രാമപ്രദേശങ്ങളിലും കാണാൻ കഴിയും. കാരണം ഒരു അർബനൈസ്ഡ് സ്റ്റേറ്റാണ് കേരളം. അങ്ങനെയുണ്ടെന്നുണ്ടെങ്കിൽ കേരളത്തിലാകെ ഇത്തരത്തിലുള്ള വൻകിട സംരംഭങ്ങൾ ആവശ്യമായി വരുന്ന സ്ഥിതി വരും. അതിനേക്കാൾ ഇപ്പോൾ ബയോഗ്യാസ് പ്ലാന്റുകളുണ്ട്. പഞ്ചായത്തീരാജ് ജനകീയാസൂത്രണ പദ്ധതി യിലുൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ പല പഞ്ചായത്തുകളിലും ആരംഭിച്ചിട്ടുണ്ട്. ആ രൂപത്തിലുള്ള ഒരു വേസ്റ്റ് മാനേജ്മെന്റ് പ്രക്രിയയ്ക്ക് രൂപം നൽകാൻ നമുക്ക് കഴിയുന്നില്ല എന്നുണ്ടെങ്കിൽ ഇതിന്റെ മുഴുവൻ ഉത്തരവാദിത്വവും അതോറിറ്റിയുടെ തലയിലേക്ക് വരുന്ന സ്ഥിതിയുണ്ടാകും. പിന്നെ ആധുനിക മായിട്ടുള്ള, ഇന്നെവേറ്റീവായിട്ടുള്ള ഒരുപാട് ടെക്നോളജി വേസ്റ്റ് മാനേജ്മെന്റുമായി പ്രത്യേകിച്ച് സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ കാര്യത്തിൽ ഇപ്പോൾ വന്നിട്ടുണ്ട്. ഫ്ളാറ്റ് അടിസ്ഥാനത്തിൽത്തന്നെ മുപ്പതോ അമ്പതോ ഫ്ളാറ്റുകളുള്ള ഒരു കെട്ടിടമാണെങ്കിൽ ആ കെട്ടിടസമുച്ചയത്തിനുള്ളിൽതന്നെ കെമിക്കൽ പ്രോസസ് മുഖാന്തിരം വേസ്റ്റ് മാനേജ് ചെയ്യാനുള്ള പുതിയ ടെക്നോളജി നമ്മുടെ രാജ്യത്തും അന്തർദേശീയതലത്തിലുമൊക്കെ വന്നിട്ടുണ്ട്. ആ നിലയിൽ ഇതിനൊരു ഡീസെൻട്രലൈസ്ഡ് സ്വഭാവമായിരിക്കണം ഉണ്ടാകേണ്ടത്. ഇതിനൊരു കേന്ദ്രീകൃത സ്വഭാവമായിരിക്കരുത് ഉണ്ടാകേണ്ടത് എന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സോളിഡ് വേസ്റ്റിന്റെ കാര്യത്തിലായാലും ലിക്വിഡ് വേസ്റ്റിന്റെ കാര്യത്തിലായാലും, കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ലിക്വിഡ് വേസ്റ്റിന്റെ കാര്യത്തിൽ ഈ പറയുന്ന പരിമിതികളുണ്ട്. തീർച്ചയായും കേരള വാട്ടർ അതോറിറ്റി അതിന്റെ ഒരു അതോറിറ്റി തന്നെയാണ്. ലിക്വിഡ് വേസ്റ്റ് മാനേജ് ചെയ്യുന്ന കാര്യത്തിൽ

നേരത്തെ ശ്രീ. സി. എം. ദിനേശ് മണി സൂചിപ്പിച്ചതുപോലെ നമുക്ക് പലപ്പോഴും അതിനുള്ള കോംപീറ്റന്റായിട്ടുള്ള ടെക്നോളജിയും അതിനാവശ്യമായിട്ടുള്ള പെർസണലും അക്കാര്യത്തിലില്ല എന്നുള്ളത് വസ്തുതയാണ്. ഇപ്പോൾ JNNURM പദ്ധതിയിലുൾപ്പെടുത്തി 105 ദശലക്ഷം ലിറ്റർ വേസ്റ്റ് വാട്ടർ ട്രീറ്റ് ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള ഒരു പ്ലാന്റിന്റെ നിർമ്മാണ പുരോഗതി ഏതാണ്ട് 50 ശതമാനം കഴിഞ്ഞു. അതിനുതന്നെ കോംപീറ്റന്റായിട്ടുള്ള കോൺട്രാക്ടേഴ്സിനെ കിട്ടുന്നതിന് വലിയ കാലതാമസം നേരിട്ടു. വളരെ ഗൗരവതരമായിട്ടുള്ള ഒരു പ്രശ്നമാണ്. അതുകൊണ്ട് ഒരു അതോറിറ്റി രൂപീകരണമെന്ന കൺസെപ്റ്റിൽ നിന്ന്.....

ശ്രീ. കെ. സി. ജോസഫ് : സർ, ഈ അതോറിറ്റി രൂപീകരണം വഴി കേരളത്തിലെ മാലിന്യസംസ്കരണം ഒരു കേന്ദ്രത്തിൽ തന്നെവേണമെന്നല്ല. ഒരു പൊതുവായ സ്കീം വേണം. ഇന്ന് കേരളത്തിലെ പഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്താണെങ്കിലും ബ്ലോക്ക് പഞ്ചായത്താണെങ്കിലും മുനിസിപ്പാലിറ്റിയാണെങ്കിലും എടുത്ത പദ്ധതിയെല്ലാം പരാജയമാണ്. അപൂർവ്വം ചിലതൊഴിച്ച് എല്ലാം ഫെയിലുവറാണ്. കോട്ടയത്ത് പദ്ധതിയാരംഭിച്ചു. അത് രാംകി കമ്പനിയെ ഏൽപ്പിച്ചു. അതുപോലെ എല്ലാ മുനിസിപ്പാലിറ്റികളുടെയും പദ്ധതികൾ വിജയിക്കുന്നില്ല. ഒരു സെൻട്രലൈസ്ഡ് അതോറിറ്റിയുണ്ടായിക്കഴിഞ്ഞാൽ ഇതു സംബന്ധിച്ചുള്ള ഒരു ശാസ്ത്രീയമായ പഠനം നടത്തി ഒരു സ്കീമുണ്ടാക്കാൻ സാധിക്കും. ആ സ്കീം ഇംപ്ലിമെന്റ് ചെയ്യുന്നത് ജില്ലയിൽ ആയിക്കോട്ടെ. പക്ഷേ കേന്ദ്ര അതോറിറ്റി ഉണ്ടാകുന്നതുകൊണ്ട് ഗുണമല്ലാതെ ദോഷമുണ്ടാകാൻ പോകുന്നില്ല.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, ഇതിന്റെ ഫലമായി ഒരു ഏജൻസി കൂടി ഈ രംഗത്ത് നിലവിൽ വരുമെന്നുള്ളതാണ്. കാരണം ജില്ലാ പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തും കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളാണ്. എനിക്ക് തോന്നുന്നത് ഈ സ്ഥാപനങ്ങൾ സ്റ്റാറ്റ്യൂട്ടറി അതോറിറ്റി എന്നതിനെക്കാൾ അപ്പുറത്ത് കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റികളാണ്. 73-ം, 74-ം അമെന്റ്മെന്റ് വന്നതോടുകൂടി അവിടെ ശാക്തീകരണമാണ് സത്യത്തിൽ ആവശ്യമായിട്ടുള്ളത്. അവർക്ക് ആവശ്യമുള്ള ടെക്നിക്കൽ സപ്പോർട്ടും ഫൈനാൻഷ്യൽ അസിസ്റ്റൻസും കൊടുത്ത് സ്കീംസും പ്രോജക്ട്സുമുണ്ടാക്കി ആ നിലയിൽ അവരെ ശാക്തീകരിക്കുകയാണ് വേണ്ടത്. ഇപ്പോൾ കൊല്ലം മുനിസിപ്പാലിറ്റിയിൽ ഈ പദ്ധതി ഉപയോഗിച്ച് അവർതന്നെ നടപ്പാക്കിയ ഒരു വലിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഉദ്ഘാടനം 29-ാം തീയതി നടക്കുകയാണ്. അതും ഇതുപോലെ വലിയ കാലതാമസം നേരിട്ടതിനു ശേഷമാണ്. ആ നിലയിലൊരു സമീപനം വേണം. പിന്നെ ഇത് ആകെ പരിശോധിക്കുന്നതിനു വേണ്ടിയിട്ടുള്ള ഒരു കോ-ഓർഡിനേറ്റ് സംവിധാനം അല്ലെങ്കിൽ പ്രത്യേകമായിട്ടുള്ള ഒരു ടെക്നിക്കൽ കമ്മിറ്റിയോ എക്സപ്പെർട്ട് കമ്മിറ്റിയോ അല്ലെങ്കിൽ അത്തരത്തിലൊരു സംവിധാനം ഉണ്ടാകുന്നത് കൊണ്ട് ദോഷമില്ല. പക്ഷേ ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി എക്സ്ക്ലൂസീവായി ഈ പർപ്പസിന് വേണ്ടി മാത്രം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. നിലവിൽ

LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റി ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ അതോറിറ്റിയാണ്. പക്ഷേ ഫണ്ടിന്റെ അപര്യാപ്തത കൊണ്ട് പലപ്പോഴും ഇതേറ്റെടുക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് വസ്തുത. സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽത്തന്നെ പ്രത്യേകമായിട്ടുള്ള ഒരു മെക്കാനിസത്തെ സംബന്ധിച്ചു വേണമെങ്കിൽ ആലോചിക്കാവുന്നതാണ്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, അങ്ങ് ഒരുപാട് നിർദ്ദേശങ്ങളും നിയമങ്ങളുമൊക്കെ പറഞ്ഞു. എല്ലാം ശരിയാണ്. ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് ഒരു അംബ്രല്ലയുടെ കീഴിൽ ഇതു വന്നില്ലെങ്കിലുള്ള പ്രോബ്ലം, ഇപ്പോൾ ജില്ലാ പഞ്ചായത്തുകൾ, എത്ര ജില്ലാ പഞ്ചായത്തുകൾ ഇത് ഏറ്റെടുത്തിട്ടുണ്ട്. എത്ര ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുണ്ട്. അങ്ങ് ഫ്ളാറ്റിന്റെ കാര്യം പറഞ്ഞു. നഗരങ്ങളിൽ മാത്രമല്ല നാട്ടിൻപ്പുറങ്ങളിലും ഫ്ളാറ്റ് സമുച്ചയങ്ങൾ വരുന്നു. ഏതു ഗവൺമെന്റ് എന്ത് തീരുമാനമെടുത്താലും അത് ഡീഫീറ്റ് ചെയ്യാൻ അവർ പരമാവധി ശ്രമിക്കും. കാരണം ഫ്ളാറ്റ് കെട്ടുന്ന ആളുകളെല്ലാം വലിയ സ്വാധീനമുള്ളവരാണ്. തിരുവനന്തപുരത്തുപോലും എത്രയോ ഫ്ളാറ്റുകൾ കെട്ടിയിട്ട്, അവിടെ താമസിക്കുന്ന ആളുകൾക്ക് അവരുടെ വാഹനം കൊണ്ടിടാനുള്ള പാർക്കിംഗ് പ്ലേസില്ല. എന്നുള്ള കാര്യം അങ്ങേയ്ക്കറിയുമോ ? നിയമമെന്നു പറയുന്നത് ഫയർ സർവ്വീസിന്റെ വലിയ വാഹനം കയറി വളഞ്ഞുവന്ന് തിരിയുന്നതിനുള്ള സൗകര്യം വേണമെന്നാണല്ലോ. എന്റെ പ്രദേശത്ത് ഫ്ളാറ്റിനിടയിലൂടെ ഞാൻ ഊർന്നാണ് പോകുന്നത്. അതുകൊണ്ട് അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. അങ്ങനെയുള്ള ഫ്ളാറ്റുകൾ കെട്ടുന്ന ബിൽഡേഴ്സ് കേരളത്തിലെ നിയമങ്ങളെ ബീറ്റ് ചെയ്യുകയാണ്. അവരാണോ ഈ ഫ്ളാറ്റിനകത്ത് എവിടെയെങ്കിലും മാലിന്യ സംസ്കരണ സംവിധാനമുണ്ടാക്കുമെന്ന് കരുതുന്നത്. അതുകൊണ്ട് അത്തരം നിയമങ്ങൾ കർശനമായി നടപ്പിൽ വരുത്തുന്നതിന് നമുക്ക് ദൗർഭാഗ്യവശാൽ കഴിയുന്നില്ല. കാരണം നമ്മേക്കാൾ വലിയ ഒത്തിരി ആളുകൾ ഈ സഭയ്ക്ക് പുറത്തുണ്ട്. അതുകൊണ്ട് എന്തെങ്കിലും ഫലമുണ്ടാകണമെങ്കിൽ, പ്രയോജനമുണ്ടാകണമെങ്കിൽ മാലിന്യ സംസ്കരണ കാര്യത്തിൽ ഇവിടെ ഇപ്പോൾ ശ്രീ. സി. എം. ദിനേശ് മണി ബില്ലിൽ കൊണ്ടുവന്നതുപോലെ ഏതെങ്കിലുമൊരു അതോറിറ്റി വേണമെന്ന അർത്ഥത്തിൽ ചാട്ടവാറു വേണമെന്നല്ല പറഞ്ഞത്. പക്ഷേ ഒരു മെക്കാനിസം വേണം.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u> : സർ, ഫ്ളാറ്റിന്റെ കാര്യത്തിൽ ബഹുമാന്യപ്പെട്ട ജി. കാർത്തികേയൻ പറഞ്ഞതുപോലെ പാർക്കിംഗിന്റെ പ്രശ്നം ഉണ്ടാകാം. ഫ്ളാറ്റുകൾക്ക് ലൈസൻസ് കൊടുക്കുമ്പോൾ സ്ട്രിക്ടായിട്ടുള്ള ഗൈഡ് ലൈൻസ് സ്വീകരിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ അതേ സമയത്ത് വൻകിട ഫ്ളാറ്റുകളുടെ കാര്യത്തിൽ സ്വീവേജ് അതുപോലെ മറ്റ് വേസ്റ്റെല്ലാം മാനേജ് ചെയ്യുന്നതിനുള്ള സിസ്റ്റം വളരെ സ്ട്രിക്ടായിട്ട് അടുത്ത കാലത്തായി ഫോളോ ചെയ്യുന്നുണ്ട്. അങ്ങനെ സ്ട്രിക്ടായിട്ട് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അല്ലെങ്കിൽ കേന്ദ്ര ആക്ടിനനുസരിച്ച് ആ ഗൈഡ് ലൈൻ പാലിക്കുന്നില്ല എങ്കിൽ ഫ്ളാറ്റുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അനുമതി നൽകുന്നില്ല എന്നുള്ള ഒരു സ്ഥിതി തന്നെയാണുള്ളത്. അടുത്ത കാലത്ത് വളരെ സ്ട്രിക്ടായിട്ടു തന്നെയാണ് കാര്യങ്ങൾ കൊണ്ടുപോകുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. സി. ജോസഫ് : ചട്ടങ്ങൾ പാലിക്കാതെ ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ട് അംഗീകാരം വാങ്ങിയ ഫ്ളാറ്റുകളുടെ ലിസ്റ്റ് തരാം. നടപടി സ്വീകരിക്കാമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ഫ്ളാറ്റുകളുടെ കാര്യത്തിൽ ഏതെങ്കിലും തരത്തിൽ അലംഭാവം കാണിച്ചിട്ട് സ്വാധീനമുപയോഗിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ അങ്ങ് ലിസ്റ്റ് തന്നാൽ മതി, നടപടി സ്വീകരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് ഒരു പ്രധാനപ്പെട്ട വിഷയമായതു കൊണ്ടും കേരളത്തിൽ ഭാവിയിൽ ബാധിക്കാൻ പോകുന്ന ഒരു സാമൂഹ്യ പ്രശ്നമായതുകൊണ്ടും നല്ല ചർച്ച നടന്നു. മാത്രവുമല്ല, ലോക്കൽ ബോഡീസിന് പ്രത്യേക ഫണ്ട് കൊടുത്തുകൊണ്ട് ഇത് ശക്തിപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമായ ഒരു കാര്യമാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ഇക്കാര്യത്തിൽ ഒരു കൺസൻസസ്സ് ആകാം. ഇപ്പോൾ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ തന്നെ ഒരു പ്രത്യേക സംവിധാനമുണ്ടാക്കിക്കൊണ്ട് ഈ കാര്യം മോണിറ്റർ ചെയ്യുന്നതിനും എന്തുമാത്രം പ്രോഗ്രസ് കൈവരിച്ചു എന്ന് ഇവാല്യുവേറ്റ് ചെയ്യുന്നതിനും വേണ്ടിയുള്ള ഒരു സംവിധാനവും അതിനാവശ്യമായ ഒരു പ്രത്യേക ഫോക്കസ് കൊടുത്തുകൊണ്ടുള്ള ഒരു പ്രോഗ്രാമിനെ സംബന്ധിച്ച് തീർച്ചയായിട്ടും ആലോചിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സി. എം. ദിനേശ് മണി അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. സി. എം. ദിനേശ്മണി : സർ ഞാൻ പ്രസ്സ് ചെയ്യുന്നില്ല

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

(ii) 2010-ലെ കേരള അംഗീകൃത അൺ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. ബി. ബാബു പ്രസാദ് : സർ, 2010-ലെ കേരള അംഗീകൃത അൺ എയ്ഡഡ്സ്കൂൾ ജീവനക്കാർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly